# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പനമരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി4-1188/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 20/12/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനമരം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി-പി4-1188/2023 തീയ്യതി: 20/12/2023

## വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-10-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 50 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അഖിലാമോഹൻ. കെ.എ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 06-11-2023 | 16-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2023 | 16-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1. ശ്രീ.ശശീന്ദ്രൻ കെ.ഓഡിറ്റ് ഓഫീസർ,
2. ശ്രീ.അലി അക്ബർ കെ.അസി.ഓഡിറ്റ് ഓഫീസർ,
3. ശ്രീമതി.ഇന്ദു.കെ.നായർ,സീനിയർ ഗ്രേഡ് ഓഡിറ്റർ.
4. ശ്രീ.വിപിൻ ചന്ദ്രൻ എം.ടി. ഓഡിറ്റർ.
5. ശ്രീ.അർജ്ജുൻ.കെ.മാത്യു , ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി.ആസ്യ.പി.എം | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.അനിൽകുമാർ.പി.കെ | സെക്രട്ടറി | 01-04-2022 | 28-09-2022 |
| സജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2022 | 13-11-2022 |
| അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 14-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അനിൽകുമാർ പി കെ | സെക്രട്ടറി | 01-04-2022 | 28-09-2022 |
| സജി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-09-2022 | 13-11-2022 |
| അനിൽ രാമകൃഷ്ണൻ | സെക്രട്ടറി | 14-11-2022 | 31-03-2023 |
| സജി.പി | അസി.സെക്രട്ടറി | 01-04-2022 | 18-12-2022 |
| പ്രിയേഷ് എൻ | അസി.സെക്രട്ടറി | 19-12-2022 | 31-03-2023 |
| ഡോ.സോമസുന്ദരം പി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2022 | 16-10-2022 |
| ഡോ. ഷീജ വി ആർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 17-10-2022 | 31-03-2023 |
| ഡോ. മൃദുല ഗോപിനാഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 18-04-2022 |
| ബെല്ല മരിയ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 19-04-2022 | 31-03-2023 |
| ഡോ.സുധീഷ് | മെഡിക്കൽ ഓഫീസർ (ആയുർവേദം)) | 01-04-2022 | 31-03-2023 |
| മുസ്തഫ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| സന്ധ്യ | ഐ സി ഡി എസ് സൂപ്പർവൈസ്ർ | 01-04-2022 | 31-03-2023 |
| ഷിനോജ് ടി.വി | അസിസ്റ്റന്റ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2022 | 31-03-2023 |
| ജയശ്രീ എസ് | ഹെഡ് മാസ്റ്റർ | 01-04-2022 | 03-07-2022 |
| സുരേഷ് കെ കെ | ഹെഡ് മാസ്റ്റർ | 04-07-2022 | 31-03-2023 |
| സജീന്ദ്രകുമാർ കെ | വി.ഇ.ഒ | 01-04-2022 | 31-07-2022 |
| സാജൻ പി | വി.ഇ.ഒ | 01-08-2022 | 31-03-2023 |
| ഉഷാകുമാരി പി.ആർ | കൃഷി ഓഫീസർ | 01-04-2022 | 30-04-2022 |
| അനു ജോർജ്ജ് | കൃഷി ഓഫീസർ | 01-05-2022 | 21-08-2022 |
| മുഹമ്മദ് അബ്ദുൾ ജാമിയ എം | കൃഷി ഓഫീസർ | 22-08-2022 | 31-03-2023 |
| സരിത എസ് | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 24-02-2023 |
| സുനിത | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 25-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-1 |
| 3 | 2021-22 വർഷത്തെ നീക്കിബാക്കി 2022-23 വർഷത്തെ മുൻബാക്കിയുമായി യോജിക്കുന്നില്ല. | 1-1-2 |
| 4 | ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/റീകൺസിലിയേഷൻ പത്രികയിലെ അപാകതകൾ | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. | 1-1-5 |
| 7 | ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല. | 1-1-8 |
| 10 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-9 |
| 11 | ലോൺ - രജിസ്റ്റർ/ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല. | 1-1-10 |
| 12 | ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. | 1-1-12 |
| 14 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. | 1-1-13 |
| 15 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ | 1-1-14 |
| 16 | ബജറ്റ് | 1-2 |
| 17 | സാമ്പത്തിക വിശകലനം | 1-3 |
| 18 | ഫണ്ട് വിനിയോഗം | 1-4 |
| 19 | പദ്ധതി അവലോകനം | 1-5 |
| 20 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 21 | ക്ഷേമ പദ്ധതികൾ | 1-7 |
| 22 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 23 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 24 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 25 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം | 1-11 |
| 26 | വിമുക്തഭടൻമാരുടെ വീടിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ | 1-12 |
| 27 | ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള നികുതി വരുമാനം യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെടുന്നു. | 1-13 |
| 28 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ–അപാകതകൾ | 1-14 |
| 29 | വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല | 1-15 |
| 30 | മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല | 1-16 |
| 31 | വയോജനങ്ങൾക്ക് കട്ടിൽ - മൂന്ന് കട്ടിലുകൾ വിതരണം ചെയ്തില്ല | 1-17 |
| 32 | ടാക്സ് ഓഡിറ്റ് | 1-18 |
| 33 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം | 1-18-1 |

| | | |
|---|---|---|
| 34 | ബജറ്റ് | 1-18-2 |
| 35 | വസ്തു നികുതി | 1-18-3 |
| 36 | സേവന ഉപനികുതി ചുമത്തിയിട്ടില്ല. | 1-18-4 |
| 37 | തൊഴിൽ നികുതി | 1-18-5 |
| 38 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് | 1-18-6 |
| 39 | തനത് ഫണ്ടിൽ നിന്നും സെൽഫ് ചെക്ക് മുഖേന പണം പിൻവലിച്ചതിന്റെ ഉദ്ദേശ്യവും, ആയതിന്റെ ചെലവ് വിവരങ്ങളും ലഭ്യമല്ല. | 1-19 |
| 40 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത | 1-20 |
| 41 | കോക്ലിയാർ ഇംപ്ലാന്റേഷൻ റിപ്പയർ - തുക കൈമാറൽ - സേവനം ലഭ്യമായില്ല | 1-21 |
| 42 | പ്രത്യേക സ്ത്രീരോഗ ക്ലിനിക്ക് -മോണിറ്ററിങ്ങ് നടത്തിയില്ല. | 1-22 |
| 43 | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കിടാരി വിതരണം - പദ്ധതി തയ്യാറാക്കിയതിലെയും, നടപ്പാക്കിയതിലെയും അപാകതകൾ | 1-23 |
| 44 | കുടുംബശ്രീ കർഷക സംഘങ്ങൾക്ക് കൃഷി പ്രോത്സാഹനം - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല. | 1-24 |
| 45 | കർഷകർക്ക് സമ്പുഷ്ടീകൃത മണ്ണിരവളവും കുമ്മായവും വിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-25 |
| 46 | കർഷകർക്ക് നെൽ വിത്ത് വിതരണം - വിത്ത് വാങ്ങിയ രേഖകൾ ഇല്ല. | 1-26 |
| 47 | കർഷകർക്ക് തെങ്ങിൻ തൈ വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല | 1-27 |
| 48 | ഗോത്രസാരഥി- രേഖകൾ ഹാജരാക്കിയിട്ടില്ല | 1-28 |
| 49 | നിക്ഷേപ പ്രവൃത്തികൾ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. | 1-29 |
| 50 | സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ . ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-30 |
| 51 | ലൈറ്റുകൾ സ്ഥാപിക്കൽ - മോണിറ്ററിംഗ് നടത്തുന്നില്ല | 1-31 |
| 52 | MGNREGS പലിശ അടവാക്കിയ 1,65,945.00 രൂപ തിരികെ ഈടാക്കിയിട്ടില്ല. | 1-32 |
| 53 | വസതി പലിശ തിരിച്ചടവ്- രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. | 1-33 |
| 54 | ഗ്രാമപഞ്ചായത്തിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. | 1-34 |
| 55 | 1997ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥപ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല. | 1-35 |
| 56 | അസി.എഞ്ചിനിയർ -ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ്- സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയില്ല | 1-36 |
| 57 | കുടിവെള്ള പദ്ധതികളിലെ മോട്ടോർ സ്ഥാപിക്കൽ– ഗ്യാരണ്ടി കാലാവധിക്കുള്ളിൽ മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. | 1-37 |
| 58 | മരാമത്ത് പ്രവൃത്തികളിലെ ഗ്യാരണ്ടികാലയളവിലെ അറ്റകുറ്റപണികൾ കരാറുകാർ ചെയ്യുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. | 1-38 |
| 59 | നിരതദ്രവ്യം,സുരക്ഷിത നിക്ഷേപം എന്നിവയ്ക്ക് ലഭിക്കുന്ന സ്ഥിരനിക്ഷേപ ഡി.ഡി.കൾ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധം | 1-39 |
| 60 | റോഡ് ടാറിംഗ് പ്രവൃത്തിയിൽ Shredded പ്ലാസ്റ്റിക്ക് ഉപയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 1-40 |
| 61 | പുഞ്ചവയൽ കരിമഞ്ചേരി റോഡ് ടാറിംഗ്- ടെണ്ടർ തുകയിൽ പരിമിതപ്പെടുത്താതെ തുക നൽകിയത്- തിരികെ ഈടാക്കേണ്ടതാണ്. | 1-41 |
| 62 | റോഡ് കണക്ടിവിറ്റി മാപ്പിംഗ്- പൂർത്തിയാക്കിയില്ല | 1-42 |
| 63 | പ്രൊജക്ട് തയ്യാറാക്കുന്നതിൽ മുന്നൊരുക്കമില്ല- ടെണ്ടർ നടപടിക്കുശേഷവും പ്രവൃത്തിയിനങ്ങൾ പൂർണ്ണമായും പുതുക്കി പ്രവൃത്തി നിർവ്വഹിച്ചു. | 1-43 |
| 64 | കുടിവെള്ള പ്രൊജക്ടുകൾ പൂർത്തികരിച്ചതിന്റെ പദ്ധതി മോണിറ്ററിംഗ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 1-44 |
| ഭാഗം **2** | | |

| | | |
|---|---|---|
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | MGNREGS പലിശ അടവാക്കിയ 1,65,945.00 രൂപ തിരികെ ഈടാക്കിയിട്ടില്ല. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statements | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

**ഓഡിറ്റ് സർട്ടിഫിക്കറ്റ്**

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പനമരം ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി (നം.4/1 തീ.22/06/2023) 12/09/2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പനമരം ഗ്രാമ പഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2023 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്ത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടിംഗ് മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പനമരം ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: കൽപ്പറ്റ**

**തീയതി: 20.12.2023** **സാക്ഷ്യപ്പെടുത്തേണ്ട അധികാരിയുടെ ഒപ്പ്**

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011- ലെ കേരള പഞ്ചായത്ത്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ (ജി.ഒ.എം.എസ്.നം.83/11/എൽ.എസ്.ജി.ഡി/28.03.2011), ചട്ടം 62-2(ഇ) പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളുൾപ്പെടെ അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ് ) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 2021-22 വർഷത്തെ നീക്കിബാക്കി 2022-23 വർഷത്തെ മുൻബാക്കിയുമായി യോജിക്കുന്നില്ല.

1). 2021-22 വർഷത്തെ വാർഷിക കണക്കിന്റെ നീക്കിബാക്കി [RP 40(b)], 2022-23 വർഷത്തെ വാർഷിക കണക്കിന്റെ മുൻബാക്കിയുമായി [RP 40(a)] യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക്/ട്രഷറിയുടെ പേര് | അക്കൗണ്ട് നമ്പർ | 2021-22 വർഷത്തെ നീക്കി ബാക്കി(₹) (RP 40(b)പ്രകാരം) | 2022-23 വർഷത്തെ മുൻബാക്കി(₹) (RP 40(a)പ്രകാരം) |
|---|---|---|---|---|
| 1 | Nationalised Bank Account Of Own Revenue Fund | - | 11,094.00 | 18,094.00 |
| 2 | Canara Bank | 856101061406 | 19,13,120.00 | 19,20,120.00 |
| 3 | Kerala Bank | 170410801000611 | 1,52,88,615.00 | 1,52,81,615.00 |

2021-22 വർഷത്തെ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിബാക്കി 2022-23 വർഷത്തെ നീക്കിബാക്കിയായി തുടർച്ച ഉണ്ടാവേണ്ടതാണ്.

2) RP 40(a) യിൽ KGB Health Grant എന്ന ബാങ്ക് അക്കൗണ്ടിന്റെ മുൻ ബാക്കി (-)7000/- ആണ് വരുന്നത്. എന്നാൽ, പ്രസ്തുത ബാങ്ക് അക്കൗണ്ട് തുടങ്ങിയിരിക്കുന്നത് 01/04/2022 -ന് ആണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മുൻബാക്കി പൂജ്യം ആണ്.

## 1-1-3 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റ്/റീകൺസിലിയേഷൻ പത്രികയിലെ അപാകതകൾ

1. താഴെ പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ പത്രികയും ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ബാങ്ക്/ട്രഷറിയുടെ പേര് | അക്കൗണ്ട് നം. | നീക്കി ബാക്കി(₹)(B-17 പ്രകാരം) |
|---|---|---|---|
| 1 | Nationalised Bank Account Of Own Revenue Fund | - | 18,094.00 |
| 2 | Treausury Account Of Covid | 11111 | 11,094.00 |
| 3 | Treausury Covid | 0101010 | 8,30,421.00 |
| 4 | Treasury Joint Venture | 799011400003126 | 0.00 |

2. പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കിയിട്ടില്ല.

എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും പ്രതിമാസ ബാങ്ക് റീകൺസിലിയേഷൻ പത്രിക തയ്യാറാക്കുന്നില്ല.

3. ബാങ്ക് സ്റ്റേറ്റ്മെന്റുകളും റീകൺസിലിയേഷൻ പത്രികയും വാർഷിക കണക്കും തമ്മിൽ യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്ക്/ട്രഷറിയുടെ പേര് | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം നീക്കി ബാക്കി(₹) | റീകൺസിലിയേഷൻ പത്രിക പ്രകാരം നീക്കി ബാക്കി(₹) | വാർഷിക കണക്ക് (B-17) പ്രകാരം നീക്കി ബാക്കി(₹) | വ്യത്യാസം(₹) |
|---|---|---|---|---|---|
| 1 | കേരള ഗ്രാമീൺ ബാങ്ക് | 68,692.00 | 68,692.00 | 68,810.00 | 118.00 |

| | | | | | |
|---|---|---|---|---|---|
| | (A/c No.40527100004321) | | | | |
| 2 | കേരള ഗ്രാമീൺ ബാങ്ക് (A/c No.40527101040166) | 2,05,62,378.00 | 2,05,62,378.00 | 1,85,33,628.00 | 20,28,750.00 |

ബാങ്ക് റീകൺസിലിയേഷൻ പത്രികയിൽ ഉള്ളതിനേക്കാളും ₹ 20,28,868.00 രൂപ കുറവാണ് നീക്കിബാക്കിയിൽ വന്നിട്ടുള്ളത്.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ (-) 1,00,05,687.00 രൂപയാണ്. എന്നാൽ, ഇതേ പത്രികയിൽ 2022-23 സാമ്പത്തിക വർഷം "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹ 3,06,06,595.00 രൂപയാണ്. അംഗീകരിക്കപ്പെട്ടിട്ടുള്ള അക്കൗണ്ടിംഗ് സ്റ്റാൻേഡർഡ് പ്രകാരം മേൽ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ, 2022-23 സാമ്പത്തിക വർഷത്തെ ക്യാഷ് ഫ്ലോ പത്രിക മേൽ പ്രകാരം പൊരുത്തപ്പെടാത്തതിനാൽ, പത്രികയുടെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

### 1-1-5 പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

ഗ്രാമ പഞ്ചായത്ത് നൽകി മൂന്ന് മാസത്തിൽ കൂടുതൽ ആയിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, പനമരം | 170410801000611 | 008175/22.12.22 | 3,730.00 |
| | | | 028119/28.12.22 | 13,200.00 |
| | | | 008156/28.11.22 | 1,000.00 |
| | | | 007255/02.12.21 | 8,460.00 |
| | | | 008175/22.12.22 | 13,161.00 |
| | | | 007217/27.10.21 | 9,560.00 |
| | | | 007522/27.04.22 | 3,462.00 |
| 2 | കാനറ ബാങ്ക്, പനമരം | 856101061406 | 745893/22.03.21 | 2,700.00 |
| | | | 463728/02.07.21 | 16,580.00 |

| | | |
|---|---|---|
| | 736534/25.05.21 | 370.00 |
| | 736458/23.04.21 | 725.00 |
| | 247959/29.03.17 | 38,640.00 |

## 1-1-6 ചെക്ക് നിക്ഷേപിച്ചു-ബാങ്കിൽ ക്രെഡിറ്റ് ആയില്ല.

ഗ്രാമ പഞ്ചായത്ത് ചെക്കുകൾ ബാങ്കിൽ നിക്ഷേപിച്ചു. നാളിതു വരെ തുക ക്രഡിറ്റ് ആയില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ബാങ്കിന്റെ പേര് | ബാങ്ക് അക്കൗണ്ട് നം. | ചെക്ക് നം./തീയതി | തുക(₹) |
|---|---|---|---|---|
| 1 | കേരള ബാങ്ക്, പനമരം | 170410801000611 | 152754/22.06.22 | 15,494.00 |
| | | | 529305/23.03.22 | 62,000.00 |
| | | | 6471918/27.03.22 | 12,500.00 |
| 2 | കാനറ ബാങ്ക്, പനമരം | 856101061406 | 012280/08.03.21 | 36,150.00 |
| | | | 338517/28.02.20 | 4,000.00 |
| | | | 404726/07.09.21 | 31,250.00 |

## 1-1-7 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തമായി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | വാർഷിക കണക്കിലെ തുക(₹) | രജിസ്റ്റർ പ്രകാരമുള്ള തുക(₹) |
|---|---|---|---|
| 1 | വസ്തു നികുതി കുടിശ്ശിക ഡിമാന്റ് | 12,41,251.00 | 11,18,002.00 |
| 2 | വസ്തു നികുതി കറന്റ് വരവ് | 91,64,569.00 | 1,00,57,464.00 |
| 3 | വസ്തു നികുതി കുടിശ്ശിക വരവ് | 8,35,852.00 | 8,73,503.00 |
| 4 | വസ്തു നികുതി കുടിശ്ശിക ബാക്കി | 7,78,875.00 | 6,62,882.00 |
| 5 | തൊഴിൽ നികുതി (ജീവനക്കാർ) വരവ് | 19,96,760.00 | 19,75,660.00 |
| 6 | വാടക കുടിശ്ശിക ഡിമാന്റ് | 2,49,595.00 | 1,09,474.00 |
| 7 | വാടക കുടിശ്ശിക വരവ് | 1,90,458.00 | 76,841.00 |
| 8 | വാടക കറന്റ് വരവ് | 19,51,612.00 | 2,06,22,005.00 |
| 9 | വാടക കുടിശ്ശിക ബാക്കി | 59,047.00 | 51,764.00 |

## 1-1-8 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | രജിസ്റ്ററിന്റെ പേര് |
|---|---|

| | |
|---|---|
| 1 | സ്റ്റോക്ക് രജിസ്റ്റർ |
| 2 | ആസ്തി രജിസ്റ്റർ |
| 3 | ടെണ്ടർ ഫോറം സെയിൽ രജിസ്റ്റർ |
| 4 | തൊഴിൽ നികുതി (ട്രേഡ്സ്) രജിസ്റ്റർ |
| 5 | FACTEOS ലൈസൻസ് രജിസ്റ്റർ |
| 6 | കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ |
| 7 | KURDFC ലോൺ രജിസ്റ്റർ |
| 8 | ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ |
| 9 | ഡെപ്പോസിറ്റ് രജിസ്റ്റർ |
| 10 | വസതി ലോൺ രജിസ്റ്റർ |

## 1-1-9 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി, വാടക ഇനത്തിൽ കുടിശ്ശിക ഉണ്ട്.എന്നാൽ നികുതി , നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി ,സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 , കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

## 1-1-10 ലോൺ - രജിസ്റ്റർ/ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കിയിട്ടില്ല.

1) വസതി ഭവന പദ്ധതിയുടെ കോ-ഓപ്പറേറ്റീവ് ബാങ്ക് ലോൺ ബാധ്യത തുക രേഖപ്പെടുത്തിയതിലും ന്യൂനതയുണ്ട്. മുൻവർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസതി ഭവന പദ്ധതി ലോണിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹20,35,553.00 ആയിരുന്നു. ഈ വർഷവും അതേ തുക തന്നെയാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, തൻവർഷം പ്രസ്തുത ലോണിന്റെ മുതൽ തിരിച്ചടവ് നടത്തിയിട്ടുണ്ട്(പ്രോജക്ട് നം. 307/23 പ്രകാരം ₹ 10,00,000.00). ലോൺ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. എന്നാൽ, മേൽ അടവാക്കിയ തുക ബാലൻസ് ഷീറ്റിലെ ബാധ്യതയിൽ നിന്നും കുറച്ചിട്ടില്ല. സമ്പൂർണ്ണ ഭവന പദ്ധതിയുടെ ബാങ്ക് സ്റ്റേറ്റുമെന്റ് ലഭ്യമാക്കാത്തതിനാൽ വിശദമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2) ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ KURDFC ലോണിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

## 1-1-11 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള നിക്ഷേപ തുകയെക്കാൾ അധികമാണ് ബാധ്യതകൾ. ബാലൻസ് ഷീറ്റിലെ ബി-4 ഷെഡ്യൂൾ പ്രകാരമുള്ള പ്രത്യേക ആവശ്യത്തിന് വേണ്ടി ലഭിച്ച ആകെ തുകയും (₹ 6,62,29,410.00 ), ബി-7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ ആകെ തുകയും (₹ 34,40,314.00 ), ബി-9 ഷെഡ്യൂൾ പ്രകാരമുള്ള മറ്റു ബാധ്യതകൾ പ്രകാരമുള്ള ആകെ തുകയും (₹ 35,92,653.00) അടക്കം ആകെ ബാധ്യത തുക ₹

7,32,62,377.00 ആണ്. ഗ്രാമപഞ്ചായത്തിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലുള്ള (ബി-17 ഷെഡ്യൂൾ) ആകെ തുക ₹ 5,69,95,660.00 ആണ്.

## 1-1-12 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്താതെ ഓഡിറ്റ് ആവശ്യത്തിലേക്ക് മാത്രം തയ്യാറാക്കി വാർഷിക കണക്കുകളിലെ തുകകൾ വർഷാന്ത്യത്തിൽ രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.

## 1-1-13 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

26/07/2011-ലെ ജി.ഒ.(എം.എസ്)152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം ഓരോ വർഷാന്ത്യത്തിലും സെക്രട്ടറി സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തേണ്ടതാണ്. എന്നാൽ ഇത്തരത്തിലുള്ള നടപടികൾ സെക്രട്ടറി സ്വീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയിട്ടില്ല. സ്ഥിര ആസ്തികളുടെ (ഭൂ ആസ്തി ഉൾപ്പെടെ) മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യത്തിന്റെ (Land) അക്കൗണ്ടിങ്ങ് 31.03.2023 വരെ ആരംഭിച്ചിട്ടില്ല. ആസ്തികളുടെ മൂല്യനിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ പഞ്ചായത്ത് ഫണ്ടിന്റെ കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. ആസ്തികളുടെ കാൽകുലേഷൻ ഷീറ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി-11 ഷെഡ്യൂളിൽ ആസ്തിയായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും ബി-3 ഷെഡ്യൂളിൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

2. ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. ജലനിധി, MGNREGA തുടങ്ങിയ പദ്ധതികളിൽ സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

## 1-1-14 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ

1. ചെലവ് പത്രികയും വാർഷിക കണക്കുമായി യോജിക്കുന്നില്ല.

2022-2023 സാമ്പത്തിക വർഷത്തെ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രികയും വാർഷിക കണക്കുമായി യോജിക്കുന്നില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | ചെലവ് പത്രിക പ്രകാരം(₹) | വാർഷിക കണക്ക് പ്രകാരം(₹) |
|---|---|---|---|
| 1 | വികസന ഫണ്ട്(ടി.എസ്.പി) | 2,54,73,949.00 | 2,59,08,449.00 |
| 2 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 2,39,71,917.00 | 2,33,90,185.002. |

2. I-19 ഷെഡ്യൂൾ പ്രകാരമുള്ള Prior Period Income -ന്റെ ആധികാരികത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | വിവരണം | തുക(₹) |
|---|---|---|
| 1 | Prior Period Income-Other Incomes | (-) 19,70,000.00 |

## 1-2 ബജറ്റ്

പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബഡ്ജറ്റ് 31-03-2022 ലെ 01/1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. റിവൈസ്ഡ് ബഡ്ജറ്റ് 20.03.23 ലെ 01/1 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ ഇപ്രകാരമാണ്.

| വർഷം | 2022-2023 | |
|---|---|---|
| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |

| | | |
|---|---|---|
| തീരുമാനം നമ്പർ/തീയ്യതി | 1/1, 31/03/2022 | 1/1, 20/03/2023 |
| മുന്നിരിപ്പ് | 29,46,582 | 3058816 |
| വരവ് | 51,71,88,000 | 682532816 |
| ആകെ | 52,01,34,582 | 685591632 |
| ചെലവ് | 51,72,69,000 | 681996816 |
| നീക്കിയിരിപ്പ് | 28,65,582 | 3594816 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| **മുന്നിരിപ്പ്** | ₹ 6,70,01,347 |
| **വരവ്** | ₹ 13,06,81,074 |
| **ആകെ** | ₹ 19,76,82,421 |
| **ചെലവ്** | ₹ 14,06,86,761 |
| **നീക്കിയിരിപ്പ്** | ₹5,69,95,660 |

## 1-4 ഫണ്ട് വിനിയോഗം

| **ഫണ്ടിനം** | **ഒ.ബി** | **വരവ്/അലോട്ട്മെന്റ്** | **ആകെ** | **ചെലവ്** | **ലാപ്സ് തുക** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 60525200 | 60525200 | 46611775 | 13913425 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 2517722 | 2517722 | 2223500 | 294222 |
| വികസന ഫണ്ട് -ടി.എസ്.പി | 0 | 29420085 | 29420085 | 24268992 | 5151093 |
| മെയിന്റനൻസ് റോഡ് | 0 | 22570000 | 22570000 | 9730105 | 12839895 |
| മെയിന്റനൻസ് നോൺ റോഡ് | 0 | 10274000 | 10274000 | 5151898 | 5122102 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രന്റ് (Tied) | 0 | 21057013 | 21057013 | 15423336 | 5633677 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രന്റ് (Untied) | 0 | 10844289 | 10844289 | 9955833 | 888456 |
| ACR പ്രകാരമുള്ള വിവരങ്ങളാണ് മേൽ കണക്കുകൾക്ക് അടിസ്ഥാനമാക്കിയിട്ടുള്ളത്. ACR ഫിഗറുകൾ വാർഷിക കണക്കുകളിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല എന്ന് ശ്രദ്ധയിൽ പെടുത്തുന്നു. | | | | | |

## 1-5 പദ്ധതി അവലോകനം

2022-23 വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2022-2023 | 433 | 594547943 | 247 | 196142036 | 186 | 57.04 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 70 | 45 | 46287517 | 25134204 | 54.3 |
| അസിസ്റ്റന്റ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 14 | 13 | 5525152 | 4755917 | 86.07 |
| അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ) | 268 | 122 | 102370116 | 41702809 | 40.73 |
| കൃഷി ഓഫീസർ | 14 | 13 | 20532757 | 9882409 | 48.12 |
| വി.ഇ.ഒ | 25 | 17 | 373181711 | 82725575 | 22.16 |
| മെഡിക്കൽ ഓഫീസർ PHC | 7 | 6 | 3230270 | 2085457 | 64.55 |
| മെഡിക്കൽ ഓഫീസർ GAD | 3 | 3 | 2325000 | 2325000 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 120000 | 100000 | 83.3 |
| വെറ്ററിനറി സർജൻ | 5 | 5 | 8277520 | 4267320 | 51.55 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 9 | 18065900 | 10845344 | 60 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 4718200 | 4718200 | 100 |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | 1 | 1 | 860000 | 159960 | 18.6 |
| ഹെഡ് മാസ്റ്റർ | 13 | 10 | 9053800 | 7439841 | 82.17 |
| ആകെ | 433 | 247 | 594547943 | 196142036 | 32.9 |

2022-23 വർഷത്തിൽ ആകെ 433 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 247 എണ്ണം മാത്രമാണ് നിർവ്വഹിക്കാൻ സാധിച്ചിട്ടുള്ളത്. പദ്ധതി ചെലവിന്റെ അടിസ്ഥാനത്തിൽ 33% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. നിർവ്വഹിച്ച പ്രൊജക്ടുകൾ 57.04% മാത്രമാണ്. ആയുർവേദ മെഡിക്കൽ ഓഫീസർ, ഡയറിഫാം ഇൻസ്പെക്ടർ എന്നീ നിർവ്വഹണോദ്യോഗസ്ഥന്മാർ 100% ഫണ്ടുകളും ചെലവഴിച്ചിട്ടുണ്ട്. ഫിഷറീസ് സബ് ഇൻസ്പെക്ടർ വകയിരുത്തിയ ഫണ്ടുകളിൽ 18.6% മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. അസി.എഞ്ചിനിയർക്ക് 268 പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 122 എണ്ണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. 40.73% മാത്രമാണ് ഫണ്ട് ചെലവഴിച്ചിട്ടുള്ളത്. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആകെ അടങ്കൽ തുകയായ ₹ 59,45,47,943 രൂപയിൽ ₹ 19,61,42,036 രൂപമാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. പദ്ധതി ആസൂത്രണത്തിലെയും, സമയബന്ധിതമായ നിർവ്വഹണത്തിലെയും പ്രായോഗിക തടസ്സങ്ങൾ പരിശോധിച്ച് ആവശ്യമായ പരിഹാരനടപടികൾ സ്വീകരിച്ച് പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24481 | 4023950 | 4048431 | 3982540 | 65891 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | | 82395813 | 82395813 | 82395813 | 0 |
| മെറ്റീരിയൽസ് ഘടകം | | 28528152 | 28528152 | 28528152 | 0 |

തൊഴിലുറപ്പ് പദ്ധതി ക്യാഷ്ബുക്ക് പ്രകാരം 34098 രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ വാർഷിക കണക്ക് പ്രകാരം നീക്കിയിരിപ്പില്ല. ലഭ്യമാക്കിയ നീക്കിയിരിപ്പ് തുക 24481 രൂപയുമാണ്. വ്യത്യാസം ശ്രദ്ധയിൽ പെടുത്തുന്നു.

## 1-7 ക്ഷേമ പദ്ധതികൾ

തൻ വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | - | - |
| കർഷക തൊഴിലാളി പെൻഷൻ | 8551000 | 705 |
| വിധവാ പെൻഷൻ | 22874200 | 1803 |
| വാർദ്ധക്യകാല പെൻഷൻ | 37853200 | 3086 |
| ഭിന്നശേഷി പെൻഷൻ | 7480000 | 590 |
| വിധവകളുടെ പെൺമക്കളുടെ ധനസഹായം | 120000 | 4 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 662000 | 55 |

## 1-8 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടിയിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളും പദ്ധതിനിർവ്വഹണപ്രവർത്തനങ്ങളും ഫലപ്രദമായി കൊണ്ടുപോകുവാൻ മികച്ച ആഭ്യന്തര നിയന്ത്രണം അനിവാര്യമാണ്. ഓഫീസിൽ കൃത്യമായ ജോലി വിഭജനമോ, സെക്ഷനുകളുടെ ഉത്തരവാദിത്തങ്ങളോ നിർണ്ണയിച്ചതായുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിൽ ജോലിചെയ്ത ജീവനക്കാർ, നിർവ്വഹണോദ്യോഗസ്ഥന്മാർ എന്നിവർ ആരൊക്കയാണ് എന്ന് വ്യക്തമാക്കുന്ന ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. ഫയലുകൾ കൃത്യമായും, ക്രമമായും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്ത ജീവനക്കാർ നിലവിൽ ആരും തന്നെ ഓഫീസിൽ ഇപ്പോൾ ജോലിയിൽ

ഇല്ലാത്തതിനാൽ ഫയലുകൾ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പൂർണ്ണമായും സാധിച്ചിട്ടില്ല. 50 ഓഡിറ്റ് അന്വേഷണകുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മാത്രമാണ് മറുപടി ലഭ്യമാക്കിയത്. സെക്രട്ടറി തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്,

വാർഷിക കണക്കുമായി ബന്ധപ്പെട്ട പരിശോധനക്ക് ആവശ്യമായ രജിസ്റ്ററുകൾ ഒന്നും പൂർണ്ണമായും തയ്യാറാക്കിയിട്ടില്ല. ലോൺ രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ ,ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള വിവിധ വരവ് ചെലവുകളുടെ ആധികാരികത പരിശോധിക്കാനാവശ്യമായ രേഖകൾ, പത്രികകൾ എന്നിവ കൃത്യതയോടെ തയ്യാറാക്കിയിട്ടില്ല. പദ്ധതി പദ്ധതിയേതര ചെലവുകളുമായി ബന്ധപ്പെട്ട് വിനിയോഗിക്കുന്ന തുകയുടെ ഫണ്ട് വിവരങ്ങൾ, വൗച്ചർ നംബർ, ബിൽനംബർ എന്നിവയുടെ വിവരങ്ങൾ ഫയലുകളിൽ ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ, രേഖകൾ ലഭ്യമല്ല. ആസ്തി രജിസ്സർ കാലികമാക്കിയിട്ടില്ല. മുൻകാല ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്ത് കൂടുതൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബജറ്റ് മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ നടപടിക്രമങ്ങൾ കൃത്യതയോടെ രേഖപ്പെടുത്തുന്നതായി കാണുന്നില്ല. വർക്കിംഗ് ഗ്രൂപ്പ് മിനുട്സിൽ കാര്യമായ യാതൊരു രേഖപ്പെടുത്തലുമില്ല. പദ്ധതി രൂപീകരണം സംബന്ധിച്ചോ, മോണിറ്ററിംഗ് സംബന്ധിച്ചോ നടന്നിട്ടുള്ള ചർച്ചകളോ, തീരുമാനങ്ങളോ മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. പദ്ധതിനടത്തിപ്പിൽ കൃത്യമായ മോണിറ്ററിംഗ് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയുടെയും, വർക്കിംഗ് ഗ്രൂപ്പുകളുടെയും ചുമതലയാണ് എന്നാൽ പ്രൊജക്ട് ഫയലുകളിൽ ഒന്നിലും വിശദമായ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

വയനാട് ജില്ലയിലെ 23 വാർഡുകളുള്ള വലിയ പഞ്ചായത്താണ് പനമരം ഗ്രാമപഞ്ചായത്ത്, എസ്.സി.എസ്.ററി ജനസംഖ്യ ഉൾപ്പെടെ വളരെ കൂടുതലാണ്. കാർഷിക ഭൂമിയും വളരെ കൂടുതലാണ് ആതുകൊണ്ട് തന്നെ കാർഷിക മേഖല ഉൾപ്പെടെയുള്ള നടപ്പാക്കുന്ന പദ്ധതികളും കൂടുതലായിട്ടുണ്ട്. എന്നാൽ എല്ലാ മേഖലകളിലും സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ മനുഷ്യവിഭവശേഷി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. ആയത് പരിശോധിക്കേണ്ടതാണ്. ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് സംവിധാനം ശക്തിപ്പെടുത്തേണ്ടതാണ്. ILGMS സംവിധാനത്തിലൂടെ കൃത്യമായ ജോലിവിഭജനം നടത്തേണ്ടതാണ്. എല്ലാ തസ്തികയിലും ജീവനക്കാരുടെ സേവനം ഉറപ്പുവരുത്തേണ്ടതാണ്. കൃത്യമായ ജോലിവിഭജനത്തിലൂടെയും ,പ്രതിമാസ യോഗങ്ങളിലൂടെയും സെക്ഷനുകളിലെയും പദ്ധതിസംബന്ധിച്ചുമുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങളും ജീവനക്കാർക്ക് ജോലിചെയ്യാൻ ആവശ്യമയ ഭൗതീക സാഹചര്യങ്ങൾ ഏർപ്പെടുത്തി നൽകിയും, ഓഫീസ് പ്രവർത്തനങ്ങളും, പദ്ധതി നടത്തിപ്പും കാര്യക്ഷമമായി നടപ്പാക്കുന്നതിന് ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 09.11.2023 ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ്ബാലൻസായ 14368/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27/06/2022-29/06/2022 | 01/10/2021 – 31/03/2022 | 25/08/2022 |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03/02/2017 | 2011-12 മുതൽ 2015-16 | 27/03/2017 |

## 1-11 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ നൽകിയതു മൂലം നികുതി നഷ്ടം

2022-23 വർഷം ഗ്രാമ പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്സ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പരുകൾ നല്കി, ഒരു ച.മീറ്ററിന് 50 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ചുവടെ ചേർത്ത 100ച.മീ കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് നിലവിൽ 100ച.മീ കുറവുള്ള കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുണ്ട്.

1) പ്രസിഡന്റ്,നൂറുൾ ഇസ്ലാം മഹല്ല് കമ്മിറ്റി എന്നിവരുടെ ഉടമസ്ഥതയിലുള്ള 1/272 B നമ്പർ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് താഴെ നൽകുന്നു

1/272 B നമ്പർ 578.62 ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 28931 | 34717.2 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് ( ഇളവ് @ 20%) | 5786.2 | 6943 |
| ആകെ നികുതി (1+2) | 23145 | 27774 |
| ലൈബ്രറി സെസ്സ് (5%) | 1157.25 | 1388.7 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 24303 | 29163 |
| നികുതിയിനത്തിലെ നഷ്ടം | 4860 | |

2) അസൈനാർ,സാധിക്ക് എന്നിവരുടെ ഉടമസ്ഥതയിലുള്ള 10/16 C മുതൽ 10/16 D Wവരേയുള്ള നമ്പറുകൾ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് താഴെ നൽകുന്നു

A) 10/16 C നമ്പർ 62.41ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 3120.5 | 3744.6 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 624.1 | 749 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് @ 5% | 187.25 | 224.7 |

| | | |
|---|---|---|
| ആകെ നികുതി (1+2 -3) | 3558 | 4269 |
| ലൈബ്രറി സെസ്സ് (5%) | 178 | 214 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 3736 | 4483 |
| നികുതിയിനത്തിലെ നഷ്ടം | 747 | |

B) 10/16 D നമ്പർ 62.41ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 3120.5 | 3744.6 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 624.1 | 749 |
| അടിസ്ഥാന നികുതിയിലുള്ള ഇളവ് @ 5% | 187.25 | 224.7 |
| ആകെ നികുതി (1+2 -3) | 3558 | 4269 |
| ലൈബ്രറി സെസ്സ് (5%) | 178 | 214 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 3736 | 4483 |
| നികുതിയിനത്തിലെ നഷ്ടം | 747 | |

3) ആൻട്ടു,മറിയം എന്നിവരുടെ ഉടമസ്ഥതയിലുള്ള 12/629 A മുതൽ 12/629 Q വരെയുള്ള നമ്പറുകൾ നൽകിയിട്ടുള്ള കെട്ടിടത്തിന് നികുതി നിർണയിച്ചത് താഴെ നൽകുന്നു

A) 12/629 A നമ്പർ 16.1ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 805 | 966 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 161 | 194 |
| ആകെ നികുതി (1+2 ) | 966 | 1160 |
| ലൈബ്രറി സെസ്സ് (5%) | 49 | 58 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1015 | 1218 |
| നികുതിയിനത്തിലെ നഷ്ടം | 203 | |

B) 12/629 B നമ്പർ 16.1ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 805 | 966 |

| | | |
|---|---|---|
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 161 | 194 |
| ആകെ നികുതി (1+2 ) | 966 | 1160 |
| ലൈബ്രറി സെസ്സ് (5%) | 49 | 58 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1015 | 1218 |
| നികുതിയിനത്തിലെ നഷ്ടം | 203 | |

C) 12/629 C നമ്പർ 16.1ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 805 | 966 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 161 | 194 |
| ആകെ നികുതി (1+2 ) | 966 | 1160 |
| ലൈബ്രറി സെസ്സ് (5%) | 49 | 58 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1015 | 1218 |
| നികുതിയിനത്തിലെ നഷ്ടം | 203 | |

D) 12/629 E നമ്പർ 16.1ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 805 | 966 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 161 | 194 |
| ആകെ നികുതി (1+2 ) | 966 | 1160 |
| ലൈബ്രറി സെസ്സ് (5%) | 49 | 58 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1015 | 1218 |
| നികുതിയിനത്തിലെ നഷ്ടം | 203 | |

E) 12/629 F നമ്പർ 16.1ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 805 | 966 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 161 | 194 |
| ആകെ നികുതി (1+2 ) | 966 | 1160 |
| ലൈബ്രറി സെസ്സ് (5%) | 49 | 58 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1015 | 1218 |
| നികുതിയിനത്തിലെ നഷ്ടം | 203 | |

F) 12/629 G നമ്പർ 16.1ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 805 | 966 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 161 | 194 |
| ആകെ നികുതി (1+2 ) | 966 | 1160 |
| ലൈബ്രറി സെസ്സ് (5%) | 49 | 58 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1015 | 1218 |
| നികുതിയിനത്തിലെ നഷ്ടം | 203 | |

G) 12/629 H നമ്പർ 29.9ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 1495 | 1794 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 299 | 359 |
| ആകെ നികുതി (1+2 ) | 1794 | 2153 |
| ലൈബ്രറി സെസ്സ് (5%) | 90 | 108 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1884 | 2261 |
| നികുതിയിനത്തിലെ നഷ്ടം | 377 | |

H) 12/629 I നമ്പർ 29.9ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 1495 | 1794 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 299 | 359 |
| ആകെ നികുതി (1+2 ) | 1794 | 2153 |
| ലൈബ്രറി സെസ്സ് (5%) | 90 | 108 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1884 | 2261 |
| നികുതിയിനത്തിലെ നഷ്ടം | 377 | |

I) 12/629 J നമ്പർ 29.9ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 1495 | 1794 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 299 | 359 |
| ആകെ നികുതി (1+2 ) | 1794 | 2153 |
| ലൈബ്രറി സെസ്സ് (5%) | 90 | 108 |

| | | |
|---|---|---|
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1884 | 2261 |
| നികുതിയിനത്തിലെ നഷ്ടം | 377 | |

J) 12/629 K നമ്പർ 29.9ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1495 | 1794 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 299 | 359 |
| ആകെ നികുതി (1+2 ) | 1794 | 2153 |
| ലൈബ്രറി സെസ്സ് (5%) | 90 | 108 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1884 | 2261 |
| നികുതിയിനത്തിലെ നഷ്ടം | 377 | |

K) 12/629 L നമ്പർ 29.9ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1495 | 1794 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 299 | 359 |
| ആകെ നികുതി (1+2 ) | 1794 | 2153 |
| ലൈബ്രറി സെസ്സ് (5%) | 90 | 108 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1884 | 2261 |
| നികുതിയിനത്തിലെ നഷ്ടം | 377 | |

L) 12/629 M നമ്പർ 31.5ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1575 | 1890 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 315 | 378 |
| ആകെ നികുതി (1+2 ) | 1890 | 2268 |
| ലൈബ്രറി സെസ്സ് (5%) | 95 | 114 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1985 | 2382 |
| നികുതിയിനത്തിലെ നഷ്ടം | 397 | |

M) 12/629 N നമ്പർ 31.5ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി | ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി |
|---|---|---|
| അടിസ്ഥാന നികുതി | 1575 | 1890 |

| | | |
|---|---|---|
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 315 | 378 |
| ആകെ നികുതി (1+2 ) | 1890 | 2268 |
| ലൈബ്രറി സെസ്സ് (5%) | 95 | 114 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1985 | 2382 |
| നികുതിയിനത്തിലെ നഷ്ടം | 397 | |

N) 12/629 O നമ്പർ 31.5ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 1575 | 1890 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 315 | 378 |
| ആകെ നികുതി (1+2 ) | 1890 | 2268 |
| ലൈബ്രറി സെസ്സ് (5%) | 95 | 114 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1985 | 2382 |
| നികുതിയിനത്തിലെ നഷ്ടം | 397 | |

O) 12/629 P നമ്പർ 31.5ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 1575 | 1890 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 315 | 378 |
| ആകെ നികുതി (1+2 ) | 1890 | 2268 |
| ലൈബ്രറി സെസ്സ് (5%) | 95 | 114 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1985 | 2382 |
| നികുതിയിനത്തിലെ നഷ്ടം | 397 | |

P) 12/629 Q നമ്പർ 31.5ച.മീ വിസ്തീർണം വരുന്ന കെട്ടിടഭാഗം

| | **ച.മീറ്ററിന് 50 രൂപ നിരക്കിൽ നിർണയിച്ചിരിക്കുന്ന നികുതി** | **ച.മീറ്ററിന് 60 രൂപ നിരക്കിൽ നിർണയിക്കേണ്ടിയിരുന്ന നികുതി** |
|---|---|---|
| അടിസ്ഥാന നികുതി | 1575 | 1890 |
| അടിസ്ഥാന നികുതിയിലുള്ള വർദ്ധനവ് (വഴി സൗകര്യത്തിന്റെ പേരിലുള്ള വർദ്ധനവ്-20%) | 315 | 378 |
| ആകെ നികുതി (1+2 ) | 1890 | 2268 |
| ലൈബ്രറി സെസ്സ് (5%) | 95 | 114 |
| ആകെ നികുതി (ലൈബ്രറി സെസ്സ് ഉൾപ്പെടെ) | 1985 | 2382 |
| നികുതിയിനത്തിലെ നഷ്ടം | 397 | |

മേൽ പട്ടികകൾ പ്രകാരം ആകെ നഷ്ടം-₹ 11442

മേൽ അപാകതകൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.10/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ കെട്ടിടങ്ങളുടെ വസ്തുനികതി പുനർനിർണ്ണയിച്ച് കുടിശ്ശിക ₹ 11442 രൂപ ഉൾപ്പെടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-12 വിമുക്തഭടൻമാരുടെ വീടിന്റെ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകങ്ങൾ

26.05.2017 തീയതിയിലെ സ ഉ(കൈ)നം.106/2017/തസ്വഭവ ഉത്തരവ് പ്രകാരം വിമുക്തഭടൻമാരുടെ 2000 ചതുരശ്ര അടി വരെ വിസ്തീർണ്ണമുള്ള വീടുകളെ വസ്തുനികുതി ഒടുക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയയിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയം നടത്തിയതിന് ശേഷം അർഹമായ നികുതി ഇളവ് അനുവദിക്കുകയാണ് ചെയ്യേണ്ടിയിരുന്നത്. എന്നാൽ അതിനുപകരം താഴെപറയുന്ന കെട്ടിടങ്ങളുടെ നികുതി പൂജ്യമായി നിർണ്ണയിച്ച് നികുതിയിൽ നിന്ന് ഒഴിവാക്കുകയാണ് ചെയ്തിട്ടുള്ളത്.

| ക്രമ നമ്പർ | വാർഡ് നമ്പർ/കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | ഉപയോഗക്രമം | വിസ്തീർണ്ണം ച.മീ |
|---|---|---|---|---|
| 1 | 17/205 | ബിജു തോമസ് | പാർപ്പിടം | 78.72 |
| 2 | 17/123 | മാത്യു | പാർപ്പിടം | 107.4 |
| 3 | 4/391 | ജോർജ്ജ് | പാർപ്പിടം | 61.8 |
| 4 | 10/942 | റ്റി കെ ശശിധരൻ | പാർപ്പിടം | 81 |
| 5 | 17/301 | ബിനോയി സൈമൺ | പാർപ്പിടം | 154 |
| 6 | 14/330 | സുരേഷ്കുമാർ | പാർപ്പിടം | 130.5 |

സാക്ഷ്യപത്രവും സത്യവാങ്മൂലവും ഹാജരാക്കുന്നതിനനുസരിച്ച് ഓരോ സാമ്പത്തികവർഷവും നികുതി ഒഴിവാക്കി നൽകുന്നതിന് പകരം ഡിമാന്റിലുൾപ്പെടുത്താതെ നികുതി ഒഴിവാക്കിയതിന് വിശദീകരണം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.മേൽ സർക്കാർ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാൻ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-13 ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള നികുതി വരുമാനം യഥാസമയം നടപടികൾ സ്വീകരിക്കാത്തതിനാൽ കാലഹരണപ്പെടുന്നു.

പനമരം ഗ്രാമപഞ്ചായത്തിലെ താഴെ പറയുന്ന കെട്ടിടങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നുള്ള ഫീൽഡ് കളക്ഷൻ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന കെട്ടിടങ്ങളുടെ ഉടമകളിൽ നിന്ന് നികുതി ഈടാക്കാനുള്ളതായി കാണുന്നു.മേൽ കെട്ടിട ഉടമകൾക്കെതിരെ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| സി. നം | കെട്ടിട നമ്പർ | പേരും വിലാസവും | ഉപയോഗക്രമം | കെട്ടിട വിസ്തീർണം | വാർഷിക നികുതി | 2019-20 വർഷം വരെയുള്ള നികുതി കുടിശ്ശിക |
|---|---|---|---|---|---|---|
| 1 | 1/49 | ഹംസ(കൊല്ലങ്കണ്ടി,കുണ്ടാല,അഞ്ചുകുന്ന് | പാർപ്പിടാവശ്യം | 150.7 | 216 | 87 |
| 2 | 1/285 | മമ്മു ഹാജി(ഏരംബയിൽ) | വാണിജ്യാവശ്യത്തിനുള്ളവ | 8 | 309 | 2058 |
| 3 | 1/286 | മമ്മു ഹാജി(ഏരംബയിൽ) | വാണിജ്യാവശ്യത്തിനുള്ളവ | 7.28 | 436 | 2905 |
| 4 | 1/287 | മമ്മു ഹാജി(ഏരംബയിൽ) | വാണിജ്യാവശ്യത്തിനുള്ളവ | 8 | 309 | 2058 |
| 5 | 3/57 | മമ്മൂട്ടി(കേളോത്ത്,ചെറുകാട്ടൂർ | പാർപ്പിടാവശ്യം | 200 | 1260 | 1260 |
| 6 | 3/406 | ജയപാല്മേനോന്(ഭാരതി എയർട്ടൽ ലിമിറ്റഡ്) | മൊബൈൽ ടെലഫോൺ ടവർ | 32 | 20160 | 20160 |
| 7 | 8/67 A | മാനേജർ(റിലയൻസ് കമ്മ്യൂണിക്കേഷൻ | മൊബൈൽ ടെലഫോൺ | 26 | 12285 | 11073 |

| | | | | | | |
|---|---|---|---|---|---|---|
| | | ലിമിറ്റഡ് | ടവർ | | | |
| 8 | 10 / 106 | കുഞ്ഞാമിന (മുയ്യാരിക്കണ്ടി | വാണിജ്യാവശ്യത്തിനുള്ളവ | 12 | 567 | 3953 |
| 9 | 10 /327 H | കുഞ്ഞിമൂസ(തോട്ടോളി, | വാണിജ്യാവശ്യത്തിനുള്ളവ | 30.3 | 2177 | 2382 |
| 10 | 10 /327 I | കുഞ്ഞിമൂസ(തോട്ടോളി, | വാണിജ്യാവശ്യത്തിനുള്ളവ | 30.3 | 2177 | 2382 |
| 11 | 10 / 566 | അബ്ദുൾ നാസർ(കീഴട്ട,പനമരം) | വാണിജ്യാവശ്യത്തിനുള്ളവ | 9 | 959 | 959 |
| 12 | 10/ 567 | നാസർ(വെള്ളമുണ്ട,പനമരം | വാണിജ്യാവശ്യത്തിനുള്ളവ | 12 | 1022 | 1022 |
| 13 | 10/1070 | ജയരാജൻ ഒ ആർ(ഓടമ്പത്ത്,പനമരം | വാണിജ്യാവശ്യത്തിനുള്ളവ | 230 | 14490 | 5510 |
| 14 | 12/ 508 A | റിലയൻസ് ഇൻഫോകോം,ഏ & പി ആർക്കേഡ്( | മൊബൈൽ ടെലഫോൺ ടവർ | 40 | 23100 | 20822 |
| 15 | 17/414 | സന്തോഷ് കുമാർ(ചെമ്പനായില് ) | പാർപ്പിടാവശ്യം | 43.68 | 1457 | 1457 |
| 16 | 17/560 A | സി കെ ബാബു(സി കെ നിവാസ്, | വാണിജ്യാവശ്യത്തിനുള്ളവ | 22 | 1040 | 1040 |
| 17 | 17/560 C | സി കെ ബാബു(സി കെ നിവാസ്, | വാണിജ്യാവശ്യത്തിനുള്ളവ | 22 | 1040 | 1040 |
| 18 | 23/72 | അബ്ദുള്ള, ചക്കിലി അമ്മദ്(കളത്തിൽ കല്ലാച്ചി | | 5 | 158 | 1067 |
| 19 | 23/209 A | അബ്ദുൾനാസർ(കാഞ്ഞായി, | പാർപ്പിടാവശ്യം | 64.75 | 409 | 1636 |
| 20 | 20 / 117 | രത്നാകരൻ(ശ്രുതിലയം) | പാർപ്പിടാവശ്യം | 48 | 103 | 927 |
| ആകെ | | | | | | 83798 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(12/10-11-23) മറുപടി നൽകിയിട്ടില്ല.മേൽ നികുതിയിനത്തിലുള്ള നഷ്ടം കെട്ടിട ഉടമകളിൽ നിന്ന് ഈടാക്കാൻ സാധിക്കാത്ത പക്ഷം കേരള പഞ്ചായത്ത് രാജ് സെക്ഷൻ 233(3) പ്രകാരം അന്വേഷണം നടത്തി ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്ന് പന്ത്രണ്ട് ശതമാനം പലിശ സഹിതം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചറിയിക്കേണ്ടതാണ്.

## 1-14 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകതകൾ

2022-23 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

1) ലൈസൻസ് രജിസ്റ്റർ പൂർണമല്ല

രജിസ്റ്ററിൽ ലൈസൻസ് എടുത്ത വ്യക്തികളുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നാൽ കെട്ടിട നമ്പറോ കെട്ടിടത്തിന്റെ ഉപയോഗക്രമമോ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ചാണോ ലൈസൻസ് ഈടാക്കിയത് എന്നുറപ്പുവരുത്തുവാൻ സാധിക്കുന്നില്ല. രജിസ്റ്റർ പൂർണമാക്കേണ്ടതാണ്.

2) പഞ്ചായത്തിലെ സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരമനുസരിച്ച് വാണിജ്യാവശ്യത്തിനായി വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണവും പഞ്ചായത്തിൽ നിന്നും 2021-22 വർഷം ലൈസൻസ് എടുത്തിട്ടുള്ള വ്യാപാര സ്ഥാപനങ്ങളുടെ എണ്ണവും തമ്മിലുള്ള താരതമ്യം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടങ്ങളുടെ തരം | എണ്ണം |
|---|---|---|
| 1 | 100 M2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 438 |

| | | |
|---|---|---|
| 2 | 100 M2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 497 |
| 3 | 200 M2 വരെയുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 4 |
| 4 | 200 M2 മുകളിലുള്ള വാണിജ്യാവശ്യ കെട്ടിടങ്ങൾ | 5 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, ഫ്യുവൽ സ്റ്റേഷൻ,തുടങ്ങിയവ | 32 |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ | 14 |
| 7 | ഇതര വ്യവസായങ്ങൾക്കുള്ളവ | 37 |
| 8 | റിസോർട്ടുകൾ | 13 |
| ആകെ | | 1040 |

സഞ്ചയസോഫ്റ്റ്‌വെയറിലെ ഡാറ്റ 2023 നവംബർ 8 വരെ പ്രകാരം പനമരം ഗ്രാമപഞ്ചായത്തിൽ നിലവിൽ വാണിജ്യ,വ്യവസായ ആവശ്യങ്ങൾക്കും അസംബ്ലി കെട്ടിടം,കൺവെൻഷൻ സെൻറർ,ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ,റിസോർട്ടുകൾ എന്നിവയുമായി 1040 ഓളം കെട്ടിടങ്ങൾ പ്രവർത്തിക്കുന്നുണ്ട് ഒന്നിലേറെ മുറികളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണവും ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ എണ്ണവും പരിഗണിച്ചാലും 782 സ്ഥാപനങ്ങൾ മാത്രമേ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുള്ളൂ എന്നത് വിശ്വസനീയമല്ല. മേൽ കണക്ക് പ്രകാരം ധാരാളം സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നുണ്ട്..മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(13/10.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ലൈസൻസ് ഫീ,തൊഴിൽ നികുതി എന്നീയിനത്തിലുള്ള മുഴുവൻ തുകയും ഇത്തരം സ്ഥാപനങ്ങളെ കണ്ടെത്തി പിരിച്ചെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാടക ബൈലോ തയ്യാറാക്കി അംഗീകാരം നേടിയിട്ടില്ല

പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് നടത്തിപ്പിനായുള്ള ബൈലോ നാളിതുവരെ സർക്കാരിന്റെ അംഗീകാരം നേടിയതായി കാണുന്നില്ല. 2022-23 സാമ്പത്തിക വർഷത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ വാടകക്കാരിൽ നിന്നും വാടക ഈടാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ ബൈലോയ്ക്ക് നാളിതുവരെയായി അംഗീകാരം നേടിയിട്ടില്ല. സർക്കാർ അംഗീകൃത ബൈലോയുടെ അഭാവത്തിൽ വാടക ഈടാക്കുന്ന രീതി, കൃത്യത, അഡ്വാൻസ്, ഡെപ്പോസിറ്റ് എന്നിവ ഈടാക്കുന്നതിന്റെ നിയമപരമായ സാധുത ചോദ്യം ചെയ്യപ്പെടാവുന്നതാണ്.ആയതിനാൽ മേപ്പാടി പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 17/22-23, തീയതി:13.11.2023 ) മറുപടി ലഭ്യമാക്കുകയോ, ബൈലോ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 256 വകുപ്പ്, 1995-ലെ കേരള പഞ്ചായത്ത് രാജ് ബൈലോകൾ ഉണ്ടാക്കാനുള്ള നടപടിക്രമം ചട്ടങ്ങളിലെ ചട്ടം 3(5,6,7) പ്രകാരമുള്ള ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം നേടേണ്ടതാണ്.

## 1-16 മുഴുവൻ മരുന്നുകളും ലഭ്യമാക്കിയിട്ടില്ല

2022-23 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പദ്ധതിയിൽ മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.വിശദവിവരം ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രൊജക്ട് നം | 423/23 |

| | |
|---|---|
| പ്രൊജക്ട് | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന വാങ്ങൽ |
| അടങ്കൽ | ₹120000 (മെയിന്റനൻസ് റോഡ്- നോൺ റോഡ്) |
| ഫണ്ട് | ജനറൽ |
| ചെലവ് | ₹ 100000 , BRN-2218085200220132O339 Dtd 24/3/2023 |

മേൽ പദ്ധതി പ്രകാരം ഹോമ്കോയിൽ നിന്ന് മരുന്ന് ലഭ്യമാക്കുകന്നതിനായി ₹100000/-രൂപ മുൻകൂറായി നൽകയിരുന്നുവെങ്കിലും ഹോമ്കോയിൽ നിന്ന് ₹52476 /-രൂപയുടെ മരുന്ന് മാത്രമെ ലഭ്യമായിട്ടുള്ളൂ. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/13.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.ഗ്രാമ പഞ്ചായത്തിൽ നിന്നും കൈമാറിയ മുഴുവൻ തുകയുടെയും മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മരുന്നുകൾ ലഭിച്ചതിന്റെ രേഖകളോ, മരുന്ന് സ്റ്റോക്കിൽ എടുത്തതിന്റെ രേഖകളോ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ലഭ്യമാകാനുള്ള മരുന്നിന്റെ തുക ₹47524/- ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.

## 1-17 വയോജനങ്ങൾക്ക് കട്ടിൽ - മൂന്ന് കട്ടിലുകൾ വിതരണം ചെയ്തില്ല

| | |
|---|---|
| പ്രൊജക്ട് നം | 462/23 |
| പ്രൊജക്ട് | വയോജനങ്ങൾക്ക് കട്ടിൽ , (പട്ടികവർഗം) |
| അടങ്കൽ | ₹99000( ടി.എസ്.പി) , ₹ 1800 (തനത് ഫണ്ട് ) ആകെ : 991800 |
| ചെലവ് | ₹ 394000, BRN:22180852002801355415 Dtd 15/03/2023<br>₹590999, BRN:22180852002801517379 Dtd 28/03/2023<br>ആകെ : ₹ 984999 |

മേൽ പദ്ധതി പ്രകാരം ഒരു കട്ടിലിന് ₹ 3940 രൂപ എന്ന നിരക്കിൽ 250 കട്ടിൽ കാഡ്കോയിൽ നിന്ന് വാങ്ങിയതിൽ 3 എണ്ണം വിതരണം ചെയ്തതിട്ടില്ല.മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 15/10.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കട്ടിലുകൾ വിതരണം ചെയ്യുന്നതുവരെ മൂന്ന് കട്ടിലുകളുടെ തുകയായ ₹ 11820 രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-18 ടാക്സ് ഓഡിറ്റ്

വസ്തു നികുതി, തൊഴിൽ നികുതി എന്നിവയാണ് പ്രധാന നികുതി വരുമാനങ്ങൾ

### 1-18-1 ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം

ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തത് പ്രകാരം തനത് വരുമാനം (നികുതി നികുതിയേതര വരുമാനം) വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും 2021-22 സാമ്പത്തിക വർഷം മുതൽ ഇൻസെന്റീവ് ഗ്രാന്റ് നൽകി വരുന്നുണ്ട്. സംസ്ഥാന ബജറ്റിൽ വികസന ഫണ്ടിന്റെ ഭാഗമായി നീക്കിവെയ്ക്കുന്ന പൊതു വിഭാഗം സാധാരണ വിഹിതം വിഭജിച്ച് നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ തനത് വരുമാന വർദ്ധനവിന് 15 ശതമാനം വെയിറ്റേജ് ആണ് നൽകിയിട്ടുള്ളത്. ആയതിനാൽ തനത് വരുമാനം വർദ്ധിപ്പിക്കുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും തനത് വരുമാന വർദ്ധനവിന് ആനുപാതികമായി കൂടുതൽ വിഹിതം ലഭിക്കും. ഇൻസെന്റീവ് ഗ്രാന്റിൽ നിന്നും പരമാവധി വിഹിതം നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ തനത് വരുമാനം (Own Source (Revenue) വർദ്ധിപ്പിക്കുവാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

**തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യുന്നില്ല.**

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനട്സ് പരിശോധിച്ചതിൽ യോഗങ്ങളിൽ ഒന്നും തന്നെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുകയോ,തനത് വരുമാനം വർധിപ്പിക്കുന്നതിലേക്കായി ഭരണ സമിതിക്ക് ശിപാർശ്ശകൾ നൽകുകയോ ചെയ്തിട്ടില്ല. തനത് വരുമാനം കുറഞ്ഞ പഞ്ചായത്തിൽ ആയത് വർദ്ധിപ്പിക്കുന്നതിലേക്കുള്ള മാർഗ്ഗങ്ങളെപ്പറ്റി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും പ്രസ്തുത മാർഗ്ഗങ്ങൾ ഭരണസമിതിയിൽ അവതരിപ്പിച്ച നടപ്പിലാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം (60) പ്രകാരം പഞ്ചായത്ത് സെക്രട്ടറി ഓരോ മാസവും പ്രതിമാസ അക്കൗണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പഞ്ചായത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ കണക്കുകൾ പരിശോധിച്ച് ശുപാർശകൾ സഹിതം തൊട്ടടുത്ത് ചേരുന്ന ഭരണസമിതി യോഗത്തിൽ വയ്ക്കേണ്ടതാണ്.

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

• വിഭവസമാഹരണത്തിന്റെ വിവിധ ഭാഗങ്ങൾ, തലങ്ങൾ, പ്രവർത്തനങ്ങൾ സംബന്ധിച്ച് ഉദ്യോഗസ്ഥർ നിർവ്വഹിക്കേണ്ട കടമകൾ നിർവ്വഹിക്കുന്നുണ്ടോ എന്ന പരിശോധിക്കണം

• വിഭവസമാഹരണത്തിലെ ചോർച്ച ഒഴിവാക്കാനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നല്കണം

• കെട്ടിടങ്ങളുടേയും ഭൂമികളുടേയും സമ്പൂർണ്ണലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ്, സ്ഥാപനങ്ങളുടെ പട്ടിക എന്നിവ തയ്യാറാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.

നികുതി/നികുതിയേതരവരവുകളുടെ അവലോകനം ഗ്രാമസഭകളിലും വാർഡ് കമ്മിറ്റിയിലും ഭരണസമിതിയോഗങ്ങളിലും നടത്തിയിട്ടില്ല.സ.ഉ(കൈ)നം.117/2022/ എൽ എസ് ജി ഡി , തിയ്യതി 01.06.2022 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയപരിധി പാലിച്ചുകൊണ്ടും, എല്ലാ നികുതി പിരിവിന്റെയും നികുതിയേതര വരവിന്റേയും അവലോകനം ഗ്രാമസഭകളിലും ഭരണസമിതിയിലും വാർഡ് കമ്മിറ്റിയിലും നടത്തിക്കൊണ്ടും പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

## 1-18-2 ബജറ്റ്

പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ് 31.03.22 തീയതിയിൽ 1/01 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഗ്രാമ പഞ്ചായത്തിന്റെ മൊത്തം വരവ് - ചെലവ് കണക്കുകളാണ് ബജറ്റിൽ പ്രതിഫലിക്കേണ്ടത്. ഗ്രാമ പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെപ്പറ്റി കൃത്യമായ ധാരണ നൽകുന്നതായിരിക്കണം ബജറ്റ്. 2022-23 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പ്രകാരമുള്ള പ്രതീക്ഷിത വരവും , സ്ഥാപനത്തിലെ വാർഷിക കണക്ക പ്രകാരം ലഭ്യമായ വരവും തമ്മിൽ താഴെ പറയുന്ന ഇനങ്ങളിൽ വലിയ വ്യത്യാസം കാണുന്നു.

| ഇനം | ബജറ്റ് പ്രകാരം(₹) A | വാർഷിക കണക്ക് പ്രകാരമുള്ള വരവ്(₹)B | ബജറ്റും വരവും തമ്മിലുള്ള വ്യത്യാസം(₹) B-A |
|---|---|---|---|
| വസ്തു നികുതി(തൻവർഷം) | 10000000/- | 9162274/- | -837726/- |
| തൊഴിൽ നികുതി (തൻവർഷം) | 4000000/- | 2426740/- | 1573260/- |
| Rental Income | 3065000/- | 250/- | -9750/- |
| Fee & User Charges | 3550000/- | 375589/- | -2942954/- |
| Sale & Hire Charges | 1060000/- | 235969/- | -39031/- |

| | | | |
|---|---|---|---|
| Interest Earned | 1610000/- | 371495/- | -228505/- |
| Other Income | 950000/- | 266/- | -374734/- |
| **ആകെ** | **9785000/-** | **6446329/-** | **-3338671/-** |

പഞ്ചായത്തിന്റെ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരം കാണുന്നു. ബജറ്റ് യാഥാർത്ഥ്യത്തോട് ചേർന്നു നിൽക്കുന്നതാവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-3 വസ്തു നികുതി

1994 ല കേരള പഞ്ചായത്ത് രാജ് ആക്ട് 203 -ാം വകുപ്പ് 4-ാം ഉപവകുപ്പ് പ്രകാരം ഓരോ 5 വർഷക്കാലയളവിലേക്കും പ്രാബല്യത്തിൽ വരുത്തേണ്ട അടിസ്ഥാന വസ്തു നികുതി നിരക്കുകൾ സർക്കാർ നിശ്ചയിക്കുന്ന പരിധികൾക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് 01/04/2023 തീയതി മുതൽ തുടങ്ങുന്ന 5 വർഷക്കാലയളവിൽ ഓരോ വിഭാഗം കെട്ടിടങ്ങൾക്കും അവയുടെ ഉപവിഭാഗങ്ങൾക്കും ബാധകമായിരിക്കേണ്ട വസ്തു നികുതി നിരക്കുകളുടെ കൂടിയതും, കുറഞ്ഞതുമായ നിരക്കുകൾ 05/04/2013 ലെ സ.ഉ. (അച്ചടി) 5/2023/LSD നമ്പർ വിജ്ഞാപന പ്രകാരം സർക്കാർ നിശ്ചയിച്ച് ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പുതുക്കിയ അടിസ്ഥാന വസ്തു നികുതി നിരക്കുകൾ പഞ്ചായത്ത് ഭരണ സമിതി ഇതു വരെ നിശ്ചയിച്ചിട്ടില്ല. സർക്കാർ നിർദ്ദേശിച്ചതു പ്രകാരം 01.04.2023 പ്രാബല്യത്തിൽ നികുതി പരിഷ്കരിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കേണ്ടതും പുതുക്കിയ നികുതി നിരക്കുകൾ, മേഖലകൾ, റോഡുകൾ എന്നിവ സംബന്ധിച്ച മാറ്റങ്ങൾ അടിയന്തിരമായി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിന് ശേഷം അവയുടെ തറ വിസ്തീർണത്തിലോ ഉപയോഗക്രമത്തിലോ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അതനുസരിച്ച് വസ്തു നികുതി പുതുക്കി നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിൽ ആരംഭിച്ചിട്ടുണ്ട്. നികുതി നിർണ്ണയ പരിധിയിൽ ഉൾപ്പെടാതെ ഒഴിവായിപ്പോയിട്ടുള്ള കെട്ടിടങ്ങൾ ഉണ്ടെങ്കിൽ അവ കണ്ടെത്തി ക്രമവത്കരിച്ച് നികുതി നിർണ്ണയിക്കേണ്ടതാണ്. നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ടിട്ടുള്ള എല്ലാ കെട്ടിടങ്ങൾക്കും പ്രത്യേക നമ്പർ (UA) നൽകേണ്ടതും ആ കെട്ടിടങ്ങൾക്ക് നിയമാനുസൃത നമ്പർ നൽകുന്നതുവരെയോ അവ പൊളിച്ചു നീക്കുന്നതുവരെയോ അത്തരം കെട്ടിടങ്ങളിൽ നിന്നും വസ്തു നികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തു നികുതിയായി ഈടാക്കേണ്ടതുമാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഞ്ചയ ഡാറ്റാബേസിലുള്ള കെട്ടിടങ്ങളുടെ വിവരം അനുയോജ്യമായ സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഫീൽഡ് പരിശോധനയിലൂടെ യഥാർത്ഥ വിവരം കൃത്യമാക്കേണ്ടതാണ്. അതിനെത്തുടർന്ന് നികുതി നിർണ്ണയിക്കപ്പെടാത്തതോ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ വ്യത്യാസമുള്ളതോ ആയ കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിക്കുകയോ പുനർ നിർണ്ണയിക്കുകയോ ചെയ്യേണ്ടതാണ്.

**കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലമുള്ള നഷ്ടം**

കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം വിഭജിച്ച് നമ്പരുകൾ നൽകി കുറഞ്ഞ നിരക്കിൽ നികുതി നിശ്ചയിച്ചതുമൂലം പഞ്ചായത്തിന് വരുമാന നഷ്ടം സംഭവിച്ചിട്ടുണ്ട്.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ വസ്തുനികുതി സമാഹരിക്കുന്നതിനുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ആരംഭിക്കേണ്ടതും ഈ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി നേതൃത്വം നൽകേണ്ടതുമാണ്. നികുതി പിരിവ് പുരോഗതി എല്ലാ മാസവും ആദ്യം കൂടുന്ന യോഗത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തണം. ഇതു സംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശുപാർശ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർപേഴ്സൺ തൊട്ടടുത്ത പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കേണ്ടതാണ്.

## 1-18-4 സേവന ഉപനികുതി ചുമത്തിയിട്ടില്ല.

**പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കാക്കാവുന്നതാണ്.**

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26(1) പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വപരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.

അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതി നിരക്കുകൾ താഴെപ്പറയുന്ന നിരക്കുകളിൽ കുറവായിരിക്കുവാൻ പാടുള്ളതല്ല.

| | | |
|---|---|---|
| (എ) | ശുചിത്വ പരിപാലനം (അതത് പ്രദേശത്തെ കെട്ടിടത്തിന്റെ പൊതുവായ ശുചിത്വ പരിപാലനത്തിനും ചപ്പു ചവറുകൾ, പക്ഷിമൃഗാദികളുടെ ജീർണ്ണ അവശിഷ്ടം, വിസർജ്യ വസ്തുക്കൾ തുടങ്ങിയ പരമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്യുന്നതിനും സംസ്കരിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| (ബി) | ജലവിതരണം (തെരുവുടാപ്പുകൾ ഉൾപ്പെടെയുള്ള ജലവിതരണ സംവിധാനങ്ങളുടെ ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| (സി) | തെരുവുവിളക്കുകൾ (സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| (ഡി) | ഡ്രയിനേജ് (അഴുക്കു ചാൽ സംവിധാനം ഉൾപ്പെടെയുള്ള ചെലവുകൾക്ക്) | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |

ഗ്രാമപഞ്ചായത്തിന് , ഏതെങ്കിലും പ്രദേശത്ത് ഏർപ്പെടുത്തിയ 1ാം ഉപചട്ടത്തിൽ പരാമർശിക്കുന്ന ഒരു സേവനം ആ പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഒരു കെട്ടിടത്തിന് ലഭ്യമാക്കിയിട്ടില്ല എന്ന കാരണത്താൽ ആ കെട്ടിടത്തെ അതത് സേവനഉപനികുതിയിൽ നിന്ന് ഒഴിവാക്കുന്നതാണ്.

പനമരം ഗ്രാമപഞ്ചായത്ത് പരിധിയിൽ നാളിതു വരെ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ വരുമാന വർദ്ധനവ് വരുത്തുന്നതിന് വസ്തുനികുതിയോടൊപ്പം ചട്ടപ്രകാരമുള്ള സേവന ഉപനികുതി ഈടാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കേണ്ടതാണ്.

## 1-18-5 തൊഴിൽ നികുതി

തൊഴിൽ നികുതി സ്ഥാപനങ്ങൾ, ജീവനക്കാർ, പ്രിസംപ്റ്റീവ് ടാക്സ് ഒടുക്കാൻ ബാദ്ധ്യസ്ഥരായവർ (സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ഗ്രാമ പഞ്ചായത്തിലെ ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ തുടങ്ങിയവർ), സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് പരിപാലിക്കുന്നില്ല. തൊഴിൽ നികുതി അടക്കാൻ ബാദ്ധ്യസ്ഥരായവരുടെ ഡാറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും , ഡിമാൻഡ് നോട്ടീസ് നൽകി നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

**ജീവനക്കാരുടെ തൊഴിൽ നികുതി സമയബന്ധിതമായി പിരിച്ചെടുക്കുന്നില്ല**

പഞ്ചായത്തിന്റെ പരിധിയിലുള്ള ജീവനക്കാരുടെ തൊഴിൽ നികുതി സമയബന്ധിതമായി പിരിച്ചെടുക്കാത്തതുമൂലം ₹95730 രൂപ കുടിശ്ശിക നിലനിൽക്കുന്നു.തൊഴിൽ നികുതി കാലികമായി പിരിച്ചെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18-6 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ ലൈസൻസ് അവശ്യമുള്ള പ്രവർത്തനങ്ങൾക്കുപയോഗിക്കാവുന്ന 1040 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിലുണ്ട്. എന്നാൽ ഫാക്ടറി, വ്യാപാരം, സംരംഭകപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമുള്ള ലൈസൻസ് രജിസ്റ്റർ പ്രകാരം 2022-23 സാമ്പത്തിക വർഷം 782 സ്ഥാപനങ്ങളാണ് ലൈസൻസ് നേടിയിട്ടുള്ളത്. ലൈസൻസ് പിരിക്കുന്നതിനും ട്രേഡേഴ്സ് ലിസ്റ്റ് കൃത്യതയോടെ തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ലൈസൻസ് രജിസ്റ്റർ പൂർണമല്ല**

രജിസ്റ്ററിൽ ലൈസൻസ് എടുത്ത വ്യക്തികളുടെ പേര് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ എന്നാൽ കെട്ടിട നമ്പറോ കെട്ടിടത്തിന്റെ ഉപയോഗക്രമമോ രേഖപ്പെടുത്തിയിട്ടില്ല.ആയതിനാൽ കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ചാണോ ലൈസൻസ് ഈടാക്കിയത് എന്നുറപ്പുവരുത്തുവാൻ സാധിക്കുന്നില്ല.

ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസിന്റെ പരിധിയിൽ നിന്നും സ്ഥാപനങ്ങൾ ഒഴിവായി പോകാതിരിക്കാൻ ആവശ്യമെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിലെ മുഴുവൻ വ്യാപാര വ്യവസായ സ്ഥാപനങ്ങൾക്കും വാർഡ് അടിസ്ഥാനത്തിൽ പ്രത്യേക നമ്പർ നൽകി അവയുടെ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിയ്ക്കാവുന്നതാണ്.

## 1-19 തനത് ഫണ്ടിൽ നിന്നും സെൽഫ് ചെക്ക് മുഖേന പണം പിൻവലിച്ചതിന്റെ ഉദ്ദേശ്യവും, ആയതിന്റെ ചെലവ് വിവരങ്ങളും ലഭ്യമല്ല.

2022-23 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് കൈകാര്യം ചെയ്തിട്ടുള്ളത് 22.09.2022 വരെ 130061010420003 എന്ന അക്കൗണ്ട് നമ്പറിലും, പിന്നീട് 1704108011000611 എന്ന അക്കൗണ്ട് നമ്പറിലുമാണ്. മേൽ കാലയളവിൽ വയനാട് ജില്ലാ സഹകരണ ബാങ്ക്, കേരള സംസ്ഥാന സഹകരണ ബാങ്കിൽ ലയിച്ചതിനാലാണ് ഇത്തരത്തിൽ 2 അക്കൗണ്ട് നമ്പറുകളിലായി ധനവിനിമയം നടന്നിട്ടുള്ളത് എന്ന് കാണുന്നു. മേൽ പരാമർശിത അക്കൗണ്ടുകളുടെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം, ടി അക്കൗണ്ടുകളിൽ നിന്നും “SELF” എന്ന് രേഖപ്പെടുത്തിയ പിൻവലിക്കലുകൾ നടത്തിയതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പിൻവലിച്ച തീയതി | ചെക്ക് നമ്പറിന്റെ അവസാന അക്കങ്ങൾ | പിൻവലിച്ച തുക |
|---|---|---|---|
| 1 | 11.04.2022 | 635 | 27,990/- |
| 2 | 21.04.2022 | 516 | 44,451/- |
| 3 | 22.04.2022 | 518 | 5,293/- |
| 4 | 26.04.2022 | 520 | 5,000/- |
| 5 | 04.05.2022 | 528 | 5,769/- |
| 6 | 11.05.2022 | 535 | 37,451/- |
| 7 | 19.05.2022 | 537 | 32,639/- |
| 8 | 21.05.2022 | 541 | 3,962/- |
| 9 | 27.05.2022 | 847 | 13,041/- |
| 10 | 01.06.2022 | 852 | 3,315/- |
| 11 | 06.06.2022 | 859 | 30,697/- |
| 12 | 09.06.2022 | 861 | 33,720/- |
| 13 | 17.06.2022 | 867 | 18,156/- |
| 14 | 02.07.2022 | 872 | 47,702/- |
| 15 | 07.07.2022 | 915 | 21,542/- |
| 16 | 07.07.2022 | 912 | 31,017/- |
| 17 | 18.07.2022 | 920 | 7,007/- |
| 18 | 19.07.2022 | 926 | 1,645/- |
| 19 | 29.07.2022 | 929 | 8,938/- |
| 20 | 05.08.2022 | 932 | 31,017/- |

| | | | |
|---|---|---|---|
| 21 | 19.08.2022 | 876 | 34,268/- |
| 22 | 20.08.2022 | 879 | 200/- |
| 23 | 29.08.2022 | 884 | 6,296/- |
| 24 | 01.09.2022 | 887 | 14,512/- |
| 25 | 15.09.2022 | 896 | 31,017/- |
| 26 | 22.09.2022 | 900 | 31,864/- |
| 27 | 28.09.2022 | 7901 | 6,330/- |
| 28 | 29.09.2022 | 7904 | 32,895/- |
| 29 | 11.10.2022 | 7970 | 7,313/- |
| 30 | 11.10.2022 | 7968 | 20,595/- |
| 31 | 15.10.2022 | 7971 | 10,115/- |
| 32 | 19.10.2022 | 7976 | 24,070/- |
| 33 | 20.10.2022 | 7979 | 6,331/- |
| 34 | 29.10.2022 | 7986 | 8,895/- |
| 35 | 05.11.2022 | 7991 | 25,000/- |
| 36 | 08.11.2022 | 7994 | 29,137/- |
| 37 | 11.11.2022 | 8146 | 21,471/- |
| 38 | 11.11.2022 | 8149 | 50,000/- |
| 39 | 19.11.2022 | 8151 | 13,598/- |
| 40 | 23.11.2022 | 8152 | 61,409/- |
| 41 | 07.12.2022 | 8160 | 2,000/- |
| 42 | 14.12.2022 | 8163 | 35,992/- |
| 43 | 14.12.2022 | 8167 | 3,338/- |
| 44 | 31.12.2022 | 8208 | 28,964/- |
| 45 | 09.01.2023 | 8212 | 41,926/- |
| 46 | 18.01.2023 | 8216 | 20,424/- |
| 47 | 31.01.2023 | 8225 | 7,102/- |
| 48 | 04.02.2023 | 8229 | 30,000/- |
| 49 | 10.02.2023 | 8536 | 8,000/- |
| 50 | 10.02.2023 | 8231 | 26,954/- |
| 51 | 17.02.2023 | 8539 | 7,510/- |
| 52 | 23.02.2023 | 8541 | 6,975/- |
| 53 | 10.03.2023 | 8568 | 36,491/- |
| 54 | 21.03.2023 | 8569 | 8,168/- |
| 55 | 30.03.2023 | 8507 | 7,125/- |
| ആകെ തുക | | | 1,116,637/- |

കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011ലെ ചട്ടം 63 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടുകളും ബന്ധപ്പെട്ട പുസ്തകങ്ങളും സൂക്ഷിക്കുന്നതിന്റെയോ സൂക്ഷിപ്പിക്കുന്നതിന്റെയോ ഉത്തരവാദിത്തം സെക്രട്ടറിയിൽ നിക്ഷിപ്തമാണ്. മേൽ പരാമർശിക്കും വിധം തുക പിൻവലിച്ചതിന്റെ ഉദ്ദേശ്യവും, ആയതിന്റെ ചെലവ് വിവരങ്ങളും ബന്ധപ്പെട്ട രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (48/2022-23 /14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യത്തിൽ, ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കുന്നത് വരെ മേൽ തുക (₹1,116,637/-) തടസ്സത്തിൽ വെക്കുന്നു.

## 1-20 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകത

തൊഴിൽ നികുതി ഈടാക്കിയതുമായി ബന്ധപ്പെട്ട് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**(I) റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ജി.ഒ(പി)143/2008 നമ്പർ സർക്കാർ ഉത്തരവ്, സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.2019 ലെ നമ്പർ (സിഎസ്)എ 9-764/2019 സർക്കുലർ എന്നിവ പ്രകാരം റേഷൻ കടകളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ആയത് ഈടാക്കിയിട്ടില്ല.

**(ii) തൊഴിൽ നികുതി- രേഖകളുടെ അഭാവം.**

സ്ഥാപന തൊഴിൽ നികുതി, ട്രേഡേഴ്സ് പ്രൊഫഷണൽ ടാക്സ്, പ്രൊഫഷണൽസിന്റെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുള്ളതായി വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ആയത് സംബന്ധിച്ച രേഖകൾ ലഭ്യമല്ല. സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച വിവരങ്ങൾ ലൈസൻസ് ഫീ രജിസ്റ്ററിലും ഉൾപ്പെടുത്തിയിട്ടില്ല.

**(iii) തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയ തുകയിൽ പിന്നീട് കുറവ് വന്നിട്ടുണ്ട്.**

സ്ഥാപനതൊഴിൽ നികുതിയിനത്തിൽ 15.09.2022 തീയതിയായി, 42200426 നമ്പർ വൗച്ചർ പ്രകാരം 2,30,000/- രൂപ ഗ്രാമപഞ്ചായത്ത് ഈടാക്കിയിട്ടുള്ളതായും, പിന്നീട് 31.03.2023 തീയതിയായി, 42100757 നമ്പർ വൗച്ചർ പ്രകാരം 78,850/- തിരികെ നൽകിയതായും ലെഡ്ജറിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**(Iv) തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക.**

2022-23 സാമ്പത്തിക വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതിയുടെ ഡിമാന്റ് 2114490/- രൂപയും, കളക്ഷൻ 2018760/- രൂപയുമാണ്. തൊഴിൽ നികുതിയിനത്തിൽ 95730/- രൂപ കുടിശ്ശികയുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

**(V) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.**

ഗ്രാമപഞ്ചായത്ത് പദ്ധതികളുമായി ബന്ധപ്പെട്ട, ചുവടെ ചേർക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| | |
|---|---|
| 1. വിനോ കെ.എം | 20. ജസീം |
| 2. അശ്വന്ത് എസ് | 21. എം.ജെ തോമസ് |
| 3. ഹാഷിം വി.കെ | 22. കെ.വി ജോർജ്ജ് |
| 4. മഹറൂഫ് പി.എ | 23. എം.രഹനാസ് |
| 5. സൈറസ് | 24. ഇബ്രാഹിം കാഞ്ഞായി |
| 6. ഹാരിസ് ടി | 25. രഞ്ജിത്ത് കെ |
| 7. ടി.സി വിജയൻ | 26. ഇ.ജെ ബേബി |
| 8. യാസിർ ഇ.കെ | 27. പ്രതീഷ് ജോർജ്ജ് |
| 9. ധനേഷ് കെ | 28. സി.വി തങ്കപ്പൻ |
| 10. സുധാകരൻ എം ടി | 29. അഷിൻ ലാൽ |
| 11. അസീബ്.കെ | 30. പി ഇബ്രാഹിം ഹാജി |
| 12. സതീഷ് കുമാർ.പി.കെ | 31. അബ്ദുൾ ഷമീർ പി |
| 13. മുഹമ്മദ് പി.എ | 32. സിറാജുൾ മുജ്തബ |
| 14. ബേബി സെബാസ്റ്റ്യൻ | 33. എൽദോ തോമസ് |
| 15. ബേസിൽ ബാബു | 34. ബേസിൽ ആർ |
| 16. അബ്ദുൾ നാസർ | 35. ഷറഫുദ്ദീൻ എം |
| 17. ന്യൂ വയനാട് ലേബർ കോൺട്രാക്ട് & കൺസ്ട്രക്ഷൻ | 36. കൽപ്പറ്റ സോൺ ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 18. കോട്ടത്തറ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റിവ് സൊസൈറ്റി | 37. വെങ്ങപ്പള്ളി ലേബർ കോൺട്രാക്ട് സൊസൈറ്റി |
| 19. ചെറുകുന്നേൽ കൺസ്ട്രക്ഷൻ | 38. വലിയപടിക്കൽ കൺസ്ട്രക്ഷൻ |

മേൽ അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/2022-23/13.11.23) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് അറിയിക്കേണ്ടതും, ശേഷിക്കുന്നവയിന്മേൽ കാര്യകാരണ സഹിതം വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-21 കോക്ലിയാർ ഇംപ്ലാന്റേഷൻ റിപ്പയർ - തുക കൈമാറൽ - സേവനം ലഭ്യമായില്ല

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| പദ്ധതി | 263/23 – കോക്ലിയാർ ഇംപ്ലാന്റേഷൻ KSSM ന് വിഹിതം |
| അടങ്കൽ | 200000/- തനത്ഫണ്ട് |
| ചെലവ് | 86350/- |
| ചെക്ക് നമ്പർ | 5292682/17.03.2023 |

ഗ്രാമപഞ്ചായത്ത് പരിധിയിലെ ശ്രവണവൈകല്യമുള്ള ഗുണഭോക്താക്കൾക്ക് ശ്രവണസഹായ നടപടിയുടെ ഭാഗമായി നടപ്പാക്കുന്ന പദ്ധതിയാണ് കോക്ലിയർ ഇംപ്ലാന്റേഷൻ. ഈ പദ്ധതിയിൽ കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തിയവർക്ക് സ.ഉ(സാധാ) നം. 426/2019/ ത.സ്വ.ഭ.വ തീയതി 26.02.2019 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരാൾക്ക് 50000/- രൂപ തോതിൽ കേരള സാമൂഹ്യ സുരക്ഷാ മിഷന് മുൻകൂറായി തുക നല്കാവുന്നതാണ്. ഇതിൽ തുക ട്രാൻസ്ഫർ ചെയ്ത് ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹിതം കേരള സാമൂഹ്യ സുരക്ഷാ മിഷന് രേഖാമൂലം കത്ത് അയക്കേണ്ടതാണ്. 2022 – 23 ൽ ഈ പ്രോജക്ടിന് 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനാണ് മേൽ പദ്ധതി പ്രകാരം തുക ചെലവഴിച്ചത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പേര് | അനുവദിച്ച തുക |
|---|---|---|
| 1 | അശ്വജിത്ത് സന്തോഷ് | 34850/- |
| 2 | മുഹമ്മദ് അഫീൻ കെ | 18500/- |
| 3 | മിൻഹ ഫാത്തിമ | 33000/- |
| | ആകെ തുക | 86350 |

മേൽ ഗുണഭോക്താക്കൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമായതിന്റെയും, ഈ പദ്ധതിയുടെ മോണിറ്ററിംഗ് വിവരങ്ങളും ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (26/ 14.11.2023) ന് സമർപ്പിച്ച മറുപടിയിൽ ശ്രീ. അശ്വജിത്ത് സന്തോഷ് എന്ന വിദ്യർത്ഥിക്ക് ഉപകരണം മെയിന്റനൻസ് നടത്തുന്നതിനുള്ള അറിയിപ്പ് ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. എല്ലാ വിദ്യാർത്ഥികൾക്കും സഹായം ലഭ്യമായത് ഉറപ്പു വരുത്തി മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം വിശദാംശങ്ങൾ അറിയിക്കേണ്ടതാണ്. ചെലവഴിച്ച തുകയുടെ ഗുണഫലങ്ങൾ അർഹരായ ഗുണഭോക്താകൾക്ക് ലഭ്യമാവുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ് .ചെലവ് തുക 86350/- രൂപ തടസ്സത്തിൽ വെക്കുന്നു.

## 1-22 പ്രത്യേക സ്ത്രീരോഗ ക്ലിനിക്ക് -മോണിറ്ററിങ്ങ് നടത്തിയില്ല.

| | |
|---|---|
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ , CHC |
| പദ്ധതി | 421/23 – പ്രത്യേക സ്ത്രീരോഗ ക്ലിനിക്ക് |
| അടങ്കൽ | 3,00,00/- |
| ചെലവ് | 211421/- |
| ബിൽ നമ്പർ | 22180852002001504476/ 27.03.2023 – 1,95,181/<br>16240/- തനത് ഫണ്ട് |

പനമരം ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട സ്ത്രീകൾക്കായി പ്രത്യേക മെഡിക്കൽ ക്ലിനിക്കുകളായ അസ്ഥിരോഗ വിഭാഗം, വൃക്കരോഗ വിഭാഗം, രക്തസമ്മർദ്ദം, ദന്തരോഗം, ജീവിതശൈലി രോഗനിയന്ത്രണം എന്നിവ പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വെച്ച് മാസം തോറും നടത്തുക എന്നതാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി 28/02/23 ന് പനമരം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നടത്തിയ സ്ത്രീരോഗ ക്ലിനിക്കിൽ മെഡിക്കൽ ക്യാമ്പ് നടത്തിയതിനും, വിവിധ ലാബ് പരിശോധന ചാർജ്ജുകൾ നൽകുന്നതിനുമായാണ് മേൽ പ്രോജക്ട് പ്രകാരം തുക ചെലവഴിച്ചിട്ടുള്ളത് . വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | ഇനം | ചെലവഴിച്ച തുക |
|---|---|---|
| 1 | സ്കാൻ ചാർജ്ജ് ( മെഡിക്കൽ കോളേജ് , മാനന്തവാടി ) | 8615 |
| 2 | ഫുഡ് ചാർജ്ജ് | 17050 |
| 3 | ഹോണറേറിയം | 4000 |
| 4 | അഡീഷണൽ ഇൻസെന്റീവ് | 15000 |
| 5 | സ്റ്റേഷനറി ചെലവുകൾ | 9762 |
| 6 | ലാബ് ചാർജ്ജ്<br>(ലീഡ്സ് ഹെൽത്ത് കെയർ - തൈറോയ്ഡ് ടെസ്റ്റ് ) | 2740 |

| | | |
|---|---|---|
| 7 | ലാബ് റീ ഏജൻസ് (മലബാർ ഡയഗണോസ്റ്റിക്ക് ) | 2282 |
| 8 | മരുന്ന് | 128132 |
| 9 | പന്തൽ | 7600 |
| 10 | ലാബ് ചാർജ്ജ് – ഡെന്റൽ ലാബ് , എക്സ് റേ ചാർജ്ജ് ( സി.എച്ച് .സി പനമരം) | 16240 |
| | ആകെ തുക | 211421 |

മേൽ പരാമർശിച്ച പദ്ധതി നടത്തുന്നതിന് അംഗീകാരമുള്ള സർക്കാർ ഉത്തരവ് ഓഡിറ്റിന് ഹാജരാക്കാനാവശ്യപ്പെട്ട് സമർപ്പിച്ച ഓഡിറ്റ് എൻക്വയറിക്ക് (28/14.11.2023) ലഭ്യമാക്കിയ മറുപടിയിൽ 14-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം (8.7.22) ക്യാൻസർ , കിഡ്നി – കരൾ രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള പരിശോധ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതാണ് എന്ന് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി നടപ്പാക്കിയത് എന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് , തുടർ നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ തയ്യാറാക്കിയിട്ടില്ല. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുന്ന ഫയൽ സൂക്ഷിക്കേണ്ടതാണ്.

## 1-23 പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കിടാരി വിതരണം - പദ്ധതി തയ്യാറാക്കിയതിലെയും, നടപ്പാക്കിയതിലെയും അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ

പദ്ധതി - 595/23 – പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് കിടാരി വിതരണം

അടങ്കൽ -40,00,000/- , ചെലവ് - 10,80,000/-

ബിൽ - 22180852002301441938/ 22.03.2023 – 8,80,000/-

22180852002301517120/ 27.03.2023 – 2,00,000/-

ആകെ - 1080000/-

14 -ാം പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം 6-8 മാസം പ്രായമുള്ള കിടാരികളെ 100% സബ്സിഡി നൽകി പട്ടികവർഗ്ഗക്കാർക്ക് നൽകുന്നതിനാണ് ഈ പ്രോജക്റ്റ് തയ്യാറാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഗുണഭോക്താകൾക്ക് കിടാരികളെ ജില്ലാതല യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാവുന്നതാണ്. ജില്ലാതല യൂണിറ്റ് കോസ്റ്റ് 40000/- രൂപയാണ്.

മേൽ പ്രോജക്റ്റ് റിപ്പോർട്ട് പ്രകാരം പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് വരുമാന മാർഗ്ഗമായി കിടാരികളെ വിതരണം ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യം വെച്ചത് . എന്നാൽ ഫയൽ പരിശോധിച്ചതിൽ പർച്ചേസിംഗ് കമ്മിറ്റി തെരെഞ്ഞെടുത്ത 3 വിതരണക്കാരിൽ നിന്നും 27 ഗുണഭോക്താക്കൾക്ക് ഒരോ ഗർഭിണി കിടാരികളെ 40000/- രൂപ തോതിൽ വിതരണം നടത്തിയിട്ടുണ്ട്.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം 6-8 മാസം പ്രായമുള്ള കിടാരികളെ നൽകേണ്ട സ്ഥാനത്ത് ഗർഭിണി കിടാരി വിതരണം ചെയ്യുന്ന പദ്ധതിയാണ് നടപ്പാക്കിയത്. മാർഗ്ഗരേഖയിലെ നിബന്ധനക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/14.11.2023) സമർപ്പിച്ച മറുപടി ഇപ്രകാരമാണ്. പട്ടിക വർഗ്ഗക്കാർക്ക് ഗർഭിണി കിടാരി വിതരണം ചെയ്യുന്ന പദ്ധതിയാണ് യഥാർത്ഥത്തിൽ വിഭാവനം ചെയ്തതെന്നും ആയത് പ്രകാരം വിതരണക്കാരെ കണ്ടെത്തി പദ്ധതി നടപ്പാക്കിയതാണെന്നും , എന്നാൽ പ്രൊജക്റ്റിൽ വന്ന അപാകത മാർച്ച് അവസാനമാണ് ശ്രദ്ധയിൽ വന്നതെന്നും ആയത് ജില്ലാ പ്ലാനിംഗ് ഓഫീസിലും , പഞ്ചായത്തിലും അറിയിച്ചപ്പോൾ മാർച്ചിൽ പദ്ധതി ഭേദഗതി സമയത്ത് അപാകതകൾ പരിഹിക്കുന്നതാണെന്നും മറുപടി നൽകിയെങ്കിലും റിവിഷൻ ലഭ്യമാകാത്തതിനാലാണ് ഇത്തരത്തിലുള്ള അപാകത സംഭവിച്ചത് എന്നുമാണ്.

എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനുട്സ് പരിശോധിച്ചതിൽ 2022 -23 പദ്ധതി രൂപീകരണ വേളയിലോ, വികസന സെമിനാറിലോ ഇത്തരത്തിലുള്ള പദ്ധതി നടപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ ഉയർന്നു വരുകയോ തീരുമാനിക്കുകയോ ചെയ്തതായി കാണുന്നില്ല. പദ്ധതി രൂപീകരണത്തിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പിൽ തീരുമാനിക്കാത്ത പദ്ധതി തയ്യാറാക്കി പദ്ധതി റിപ്പോർട്ടിൽ വിഭാവനം ചെയ്തതിൽ നിന്നും വ്യതിചലിച്ച് നടപ്പാക്കുകയെന്നത് അപാകതയാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കാൻ വർക്കിംഗ് ഗ്രൂപ്പിന്റെയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-24 കുടുംബശ്രീ കർഷക സംഘങ്ങൾക്ക് കൃഷി പ്രോത്സാഹനം - സർക്കാർ ഉത്തരവുകൾ പാലിക്കുന്നില്ല.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0114/23 |
| **പ്രൊജക്ടിന്റെ പേര്** | കുടുംബശ്രീ കർഷക സംഘങ്ങൾക്ക് കൃഷി പ്രോത്സാഹനം |
| **അടങ്കൽ** | ₹ 8,00,000.00 , (വികസന ഫണ്ട് ജനറൽ) |
| **ചെലവ് (₹)** | ₹ 24,108.00<br>(BRN No.22180852001901305147/22-23/07.03.2023) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | കൃഷി ഓഫീസർ |

കൃഷിയിൽ താൽപര്യമുള്ള കുടുംബശ്രീ ഗ്രൂപ്പുകൾക്ക് സപ്പോർട്ട് നൽകുക എന്നതാണ് പ്രോജക്ടിന്റെ ലക്ഷ്യം. സബ്‌ഡിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.22) ഖണ്ഡിക 6.1.11 പ്രകാരം, കർഷക തൊഴിൽ സേനകൾക്കും സമിതികൾക്കും സംഘങ്ങൾക്കും കാർഷികോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ധനസഹായം നൽകുന്നതിനാണ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി ചാരിറ്റബിൾ സൊസൈറ്റീസ് നിയമ പ്രകാരം രജിസ്റ്റർ ചെയ്ത് രണ്ട് വർഷം പൂർത്തിയായ കർഷക/കർഷക തൊഴിലാളി സംഘം/സമിതി എന്നിവർക്കാണ് ആനുകൂല്യം നൽകേണ്ടത്. എന്നാൽ, മേൽ പദ്ധതിയിൽ, കുടുംബശ്രീ JLG സംഘങ്ങൾക്ക് കൃഷി പ്രോത്സാഹനമായി കാർഷികോപകരണങ്ങളുടെ വില ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **ക്രമ നം.** | **കുടുംബ ശ്രീ JLG ഗ്രൂപ്പിന്റെ പേര്** | **UTR നം./തീയതി** | **തുക(₹)** |
|---|---|---|---|
| 1 | അരുണിമ | 10692347335470 | 3750 |
| 2 | ജോഷ്വ | 692347335471 | 1400 |
| 3 | സഫ | 692347335472 | 3050 |
| 4 | നന്ദന | 692347335473 | 13983 |
| 5 | ശ്രാവണ | 692347335474 | 1925 |
| **ആകെ** | | | **24,108.00** |

മേൽ പട്ടികയിലുള്ളത് പോലെ 5 കുടുബശ്രീ JLG ഗ്രൂപ്പുകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകുകയാണ് ചെയ്തിട്ടുള്ളത്. മേൽ JLG ഗ്രൂപ്പുകൾ ഉപകരണങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ ഫയലിൽ ഉണ്ട്. JLG ഗ്രൂപ്പുകൾ വാങ്ങിയ കർഷക ഉപകരണങ്ങളുടെ തുക അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയാണ് ചെയ്തിരിക്കുന്നത്. എന്നാൽ, കുടുബശ്രീ JLG ഗ്രൂപ്പുകൾ രജിസ്റ്റർ ചെയ്ത കാർഷിക ഗ്രൂപ്പുകൾ ആണെന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/22-23/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവുകൾക്ക് വിധേയമായി രജിസ്റ്റർ ചെയ്ത കാർഷിക ഗ്രൂപ്പുകൾക്കാണ് പദ്ധതി നടപ്പിലാക്കേണ്ടത്. വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 24108 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-25 കർഷകർക്ക് സമ്പുഷ്ടീകൃത മണ്ണിരവളവും കുമ്മായവും വിതരണം- രേഖകൾ ഹാജരാക്കിയിട്ടില്ല.

| | | |
|---|---|---|
| **പ്രൊജക്ട് നമ്പർ** | S0110/23(SO) | S0113/23(SO) |
| **പ്രൊജക്ടിന്റെ പേര്** | കേരകർഷകർക്ക് സമ്പുഷ്ടീകൃത മണ്ണിരവളവും കുമ്മായവും വിതരണം | കവുങ്ങ്കർഷകർക്ക് സമ്പുഷ്ടീകൃത മണ്ണിരവളവും കുമ്മായവും വിതരണം |

| | | |
|---|---|---|
| | | |
| **അടങ്കൽ** | ₹ 2,57,106. (വികസന ഫണ്ട് ജനറൽ)<br>₹ 3,33,334.00(ഗ്ര.വി)<br>ആകെ 5,90,440.00 | ₹ 3,21,269.(വികസന ഫണ്ട് ജനറൽ)<br>₹ 3,33,333.00(ഗ്ര.വി)<br>ആകെ 6,54,602.00 |
| **ചെലവ് (₹)** | ₹ 1,65,174.00 | ₹ 2,50,434.00 |
| | ₹12,230.00<br>(BRN22180852001901020389/22-23 /09.01.2023)<br>₹ 79,961.00<br>(BRN.22180852001900043581/22-23 /23.04.2022)<br>₹ 72,983.00<br>(BRN.22180852001900043588/22-23 /23.04.2022) | ₹ 22,123 .00<br>(BRN.22180852001901020391/22-23 /09.01.2023)<br>₹ 81,272 .00<br>(BRN.22180852001900004385/22-23 /23.04.2022)<br>₹ 1,47,039.00<br>(BRN.22180852001900004359/22-23 /23.04.2022) |
| **നിർവ്വഹണ ഉദ്യോഗസ്ഥൻ** | കൃഷി ഓഫീസർ | |

കർഷകർക്ക് മണ്ണിര വളവും കുമ്മായവും വിതരണം നടത്തുന്നതിനാണ് മേൽ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ആന്റ് അഗ്രികൾച്ചറൽ പ്രോഡ്യൂസേഴ്സ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (HAAPCO), പനമരം, എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് (സഹകരണ സ്ഥാപനമാണ് എന്ന് തെളിയിക്കാവുന്ന രേഖകൾ ലഭ്യമല്ല.) വെർമി കമ്പോസ്റ്റ് വാങ്ങിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **പ്രോജക്ട് നം.** | **ഇൻവോയിസ് നം./തീയതി** | **തുക(₹)** | **വെർമി കമ്പോസ്റ്റിന്റെ തൂക്കം(കി.ഗ്രാ)** |
|---|---|---|---|
| 113/23 | 931/30.07.22 | 22,123.00 | 1474.9 |
| 110/23 | 932/30.07.22 | 12,230.00 | 815.3 |
| | 3 ആകെ തുക | ₹34353 | |

മേൽ പദ്ധതികളുടെ പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. പ്രോജക്ട് നം. 113/-23 – ൽ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം ആകെ ചെലവഴിച്ചിരിക്കുന്നത് 165174/- രൂപയാണ്. ഓഡിറ്റിൽ ഹാജരാക്കിയിരിക്കുന്നത് 12230/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ്. (BRN No.22180852001901020389/22-23/09.01.2023 & BRN No.22180852001900043588/22-23/23.04.2022). 152944/- രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2. പ്രോജക്ട് നം. 110/-23 – ൽ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം ആകെ ചെലവഴിച്ചിരിക്കുന്നത് 250434/- രൂപയാണ്. ഓഡിറ്റിൽ ഹാജരാക്കിയിരിക്കുന്നത് 22123/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ്. (BRN No.22180852001900004385/22-23/23.04.2022 & BRN No.22180852001900004359/22-23/23.04.2022) 228311/-രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

3. സബ്ഡിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.22) ഖണ്ഡിക 6.1(1) പ്രകാരം, സഹകരണ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ വാങ്ങി വിതരണം ചെയ്യാവുന്നതാണ്. എന്നാൽ, നിർവ്വഹണോദ്യോഗസ്ഥ കൺവീനറായ പർച്ചേസിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ് എന്ന് നിഷ്കർശിച്ചിട്ടുണ്ട്. എന്നാൽ, കൃഷി ഓഫീസർ; HOPCO പനമരം എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഇല്ലാതെ നേരിട്ട് ആണ് ജൈവവളങ്ങൾ വാങ്ങിയിരിക്കുന്നത്. പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ജില്ലാ തല യൂണിറ്റ് കോസ്റ്റും ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ[ജി.ഒ(പി)നം.259/2010/തസ്വഭവ/08.11.2010] അനുസരിച്ച് മതിപ്പുവില ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സമാഹരണങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ നടപടികൾ ഇല്ലാതെയാണ് മേൽ സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തിയിട്ടുള്ളത്.

4. HOPCO യുടെ ഇൻവോയിസ് പ്രകാരം കുരുമുളക് സംരക്ഷണസമിതി സെക്രട്ടറിമാർക്ക് ആണ് ജൈവവളം വിതരണം ചെയ്തിരിക്കുന്നത്. ജൈവവളം കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

5. മേൽ പദ്ധതികൾ മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ (കൃഷി അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പ്) മോണിറ്ററിംഗ് റിപ്പോർട്ട്, കമ്പോസ്റ്റിന്റെ ഗുണനിലവാരം പരിശോധിച്ചതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/22-23/14.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാതിരുന്ന ചെലവ് തുക ₹ 3,81,255/- തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശിച്ച ചെലവ് രേഖകൾ ലഭ്യമാകാത്ത പക്ഷം തടസ്സത്തിൽവച്ചിട്ടുള്ള തുക റിപ്പോർട്ടിന്റെ തുടർനടപടിയുടെ ഭാഗമായി നിരാകരിക്കുന്നതും സർചാർജ്ജ് നടപടികൾക്ക് ശുപാർശചെയ്യുന്നതുമായിരിക്കും.

## 1-26 കർഷകർക്ക് നെൽ വിത്ത് വിതരണം - വിത്ത് വാങ്ങിയ രേഖകൾ ഇല്ല.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0112/23 |
| പ്രൊജക്റ്റിന്റെ പേര് | കർഷകർക്ക് നെൽ വിത്ത് വിതരണം |
| അടങ്കൽ | ₹ 1,14,780.00 (വികസന ഫണ്ട് ജനറൽ) |
| ചെലവ് (₹) | ₹ 1,04,780.00<br>(BRN No.22180852001901020401/22-23/09.01.2023) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

കർഷകർക്ക് ഗുണമേന്മയുള്ള വിത്തുകൾ ലഭ്യമാക്കുന്നതിനാണ് ഈ പ്രോജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.22) ഖണ്ഡിക 6.1.4 പ്രകാരം, കർഷകർക്ക് നൽകുന്നതിനായി കൃഷി വകുപ്പ് ഫാമുകൾ, നാഷണൽ സീഡ് കോർപ്പറേഷൻ, കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, VFPCK എന്നിവടങ്ങളിൽ നിന്നും ഗുണമേന്മ ഉറപ്പാക്കി വിത്തുകൾ വാങ്ങാവുന്നതും യഥാർത്ഥ വില നൽകാവുന്നതുമാണ്. എന്നാൽ, കൃഷി ഓഫീസർ 62 ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നേരിട്ട് നൽകുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളുടെ അപേക്ഷകൾ ,നെൽ വിത്ത് വാങ്ങിയ ബില്ലുകൾ, സ്ഥലവിസ്തൃതി സംബന്ധിച്ച രേഖകൾ തുടങ്ങിയവയൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൃഷി അനുബന്ധ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗും നടത്തിയിട്ടില്ല.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.41/22-23/14.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ ചെലവ് തുക ₹ 1,04,780.00 തടസ്സപ്പെടുത്തുന്നു.

## 1-27 കർഷകർക്ക് തെങ്ങിൻ തൈ വിതരണം - രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S0111/23 |
| പ്രൊജക്റ്റിന്റെ പേര് | കർഷകർക്ക് തെങ്ങിൻ തൈ വിതരണം |

| | |
|---|---|
| അടങ്കൽ | ₹ 1,96,625.00 (വികസന ഫണ്ട് ജനറൽ)<br>₹ 1,66,750.00(ഗ്ര.വി)<br>ആകെ 3,63,375.00 |
| ചെലവ് (₹) | ആകെ ₹ 3,63,312.00 |
| | ₹ 1,96,625.00<br>(BRN No.22180852001900040631/22-23/22.04.2022) |
| | ₹ 1,66,687.00<br>(വൗച്ചർ നം. 007526/27.04.2022 ) |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

മേൽ പദ്ധതിയിൽ, കർഷകർക്ക് തെങ്ങിൻ തൈ വിതരണം നടത്തുകയാണ് ചെയ്തിരിക്കുന്നത്. കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ആന്റ് അഗ്രികൾച്ചറൽ പ്രോഡ്യൂസ്സ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (HAAPCO), പനമരം, എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് തെങ്ങിൻ തൈ വാങ്ങിയിരിക്കുന്നത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| **ഇൻവോയിസ് നം./തീയതി** | **തുക(₹)** | **തെങ്ങിൻ തൈകളുടെ എണ്ണം** |
|---|---|---|
| 921/31.03.2022 | 2,62,250.00 | 1049 |

പരിശോധനയിൽ കണ്ടെത്തിയ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. മേൽ പ്രോജക്ടിൽ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം ആകെ ചെലവഴിച്ചിരിക്കുന്നത് 363312/- രൂപയാണ്. ഓഡിറ്റിൽ ഹാജരാക്കിയിരിക്കുന്നത് 262250/- രൂപയുടെ HOPCO- യുടെ ഇൻവോയിസ് മാത്രമാണ്. 101062/-രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2) സബ്ഡിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.115/2022/തസ്വഭവ/28.05.22) ഖണ്ഡിക 6.1(4) പ്രകാരം, കൃഷി വകുപ്പിന്റെ ലൈസൻസുള്ളതോ വകുപ്പിന്റെ ധനസഹായത്തോടെ പ്രവർത്തിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ച് വാങ്ങാവുന്നതാണ് എന്ന് നിഷ്കർശിച്ചിട്ടുണ്ട്. എന്നാൽ, കൃഷി ഓഫീസർ, കേരള സ്റ്റേറ്റ് ഹോർട്ടികൾച്ചറൽ ആന്റ് അഗ്രികൾച്ചറൽ പ്രോഡ്യൂസ്സ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി(HAAPCO), പനമരം, എന്ന സ്വകാര്യ സ്ഥാപനത്തിൽ നിന്നും ടെണ്ടർ ഇല്ലാതെ നേരിട്ട് ആണ് തൈകൾ വാങ്ങിയിരിക്കുന്നത്. HAAPCO , പനമരത്തിന്റെ നഴ്സറിയുടെ ലൈസൻസും ലഭ്യമാക്കിയിട്ടില്ല. പ്രോക്യർമെന്റ് കമ്മിറ്റി തീരുമാനം, ഭരണസമിതി തീരുമാനം എന്നിവ ലഭ്യമാക്കിയിട്ടില്ല. ജില്ലാ തല യൂണിറ്റ് കോസ്റ്റും ഹാജരാക്കിയിട്ടില്ല. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ[ജി.ഒ(പി)നം.259/2010/തസ്വഭവ/08.11.2010] അനുസരിച്ച് മതിപ്പുവില ഒരു ലക്ഷം രൂപയിൽ കൂടുതൽ വരുന്ന സമാഹരണങ്ങൾക്ക് ഓപ്പൺ ടെണ്ടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ടെണ്ടർ നടപടികൾ ഇല്ലാതെയാണ് മേൽ സ്ഥാപനത്തിൽ നിന്ന് തൈകൾ വാങ്ങിയിരിക്കുന്നത്.

3) തെങ്ങിൻ തൈകൾ കർഷകർക്ക് വിതരണം ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

4)മേൽ പദ്ധതികൾ മോണിട്ടർ ചെയ്യേണ്ട വർക്കിംഗ് ഗ്രൂപ്പിന്റെ (കൃഷി അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പ്) മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/22-23/14.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാതിരുന്ന ചെലവ് തുക ₹ 1,01,062/- തടസ്സപ്പെടുത്തുന്നു.

## 1-28 ഗോത്രസാരഥി- രേഖകൾ ഹാജരാക്കിയിട്ടില്ല

| | |
|---|---|
| **പ്രൊജക്റ്റ് നമ്പർ** | S0116/23 |
| **പ്രൊജക്റ്റിന്റെ പേര്** | ഗോത്രസാരഥി |
| **അടങ്കൽ** | ആകെ ₹ 4,00,000.00<br>₹ 2,50,000.00 ,(വികസന ഫണ്ട് ടി.എസ്.പി.)<br>₹ 5,0000.00 (തനത് ഫണ്ട്)<br>₹ 1,00,000.00 (ജില്ല പഞ്ചായത്ത് വിഹിതം) |
| **ചെലവ് (₹)** | ₹ 3,15,319.00 |
| | 244769 (BRN No.2218085206001026592/22-23/11.01.2023)<br>70550 (വൗച്ചർ നം. 2407363/23.04.2022 ) |
| **നിർവ്വഹണോദ്യോഗസ്ഥൻ** | ഹെഡ് മാസ്റ്റർ |

പട്ടികജാതി,പട്ടികവർഗ്ഗവിഭാഗത്തിലെ സ്കൂൾകുട്ടികൾക്ക് സ്കൂളിലേക്ക്പോകുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പദ്ധതിയാണ് ഈ പ്രോജക്റ്റിലൂടെ നടപ്പാക്കിയിട്ടുള്ളത്. നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് പത്രിക പ്രകാരം ആകെ ചെലവഴിച്ചിരിക്കുന്നത് 315319/- രൂപയാണ്. എന്നാൽ ഓഡിറ്റിൽ ഹാജരാക്കിയിരിക്കുന്നത് 244769/- രൂപയുടെ ചെലവ് രേഖകൾ മാത്രമാണ്.(വൗച്ചർ നം. 2407363/23.04.2022 ). 70550/-രൂപയുടെ ചെലവ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/22-23/14.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കാതിരുന്ന ചെലവ് തുക ₹ 70,550/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 നിക്ഷേപ പ്രവൃത്തികൾ -വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പനമരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2022-23 സാമ്പത്തിക വർഷം പ്രോജക്റ്റ് നടത്തിപ്പിനായി വിവിധ വകുപ്പുകളിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | നിക്ഷേപിച്ച തുക (₹) | തുക നിക്ഷേപിക്കപ്പെട്ട ഏജൻസി /വ്യക്തി(₹) |
|---|---|---|---|---|---|
| 1 | S0440/23 | സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 31,80,000 (തനത് ഫണ്ട്) | 5,33,835 (വൗച്ചർ നം.42201077/31.03.2023) | KSEB പനമരം |
| 2 | S0294/23 | കമ്പത്തൂർ കുന്ന് കുടിവെള്ള കിണർ | 3,20,000.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 3,20,000.00 (BRN.2210852005300838200/29.11.2022) | KWA, ബത്തേരി |

| | | | | | |
|---|---|---|---|---|---|
| | | നിർമ്മാണം ടാങ്ക് മോട്ടോർ പൈപ്പ് ലൈൻ സ്ഥാപിക്കൽ | | | |
| 3 | S0524/23 | കരിമ്പുമ്മൽ സ്റ്റേഡിയം ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 1,70,000.00 (വികസന ഫണ്ട്-ജനറൽ) | 1,69,962.00 (BRN.221085200530100 6967/06.01.2023) | KSEB പനമരം |
| 4 | S0562/23 | മുക്രാമൂല കോളനിയിൽ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ സ്ഥാപിക്കൽ | 80,000.00 (തനത് ഫണ്ട്) | 35,512.00 (ചെക്ക് നം.008215/16.01.23 ) | KSEB പനമരം |
| **ആകെ** | | | | **10,59,309** | |

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.42/22-23/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രവും ഭൗതിക നേട്ട റിപ്പോർട്ടും മോണിറ്ററിംഗ് റിപ്പോർട്ടും ലഭ്യമാക്കി പദ്ധതി വിജയകരമാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. വിനിയോഗ വിവരം ലഭ്യമാക്കുന്നത് വരെ 10,59,309 രൂപ തടസ്സം ചെയ്യുന്നു.

## 1-30 സെക്രട്ടറി നിർവഹണം നടത്തിയ പ്രോജക്ടുകൾ . ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല.

പനമരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവിന്റെ ഫയലുകളോ രേഖകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. 13/11/2023- ന് ഓഡിറ്റ് റിക്വിസിഷൻ നൽകിയിട്ടും രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം./പേര് | പ്രോജക്ടിന്റെ പേര് | അടങ്കൽ(₹) | ചെലവ്(₹) |
|---|---|---|---|---|
| 1 | S0311/23 | ഇൻഫർമേഷൻ കേരള മിഷന് വിഹിതം നൽകൽ | 3,00,000.00 (വികസന ഫണ്ട് ജനറൽ) | 3,00,000.00 |
| 2 | S0296/23 | പനമരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ലോമാസ്റ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | ആകെ - 13,25,000.00<br>6,60,000.00(വികസന ഫണ്ട് ജനറൽ)<br>1,37,000.00 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>1,50,000.00 (തനത് ഫണ്ട്) | 13,20,000.00 |
| 3 | S0145/23 | പരക്കുനി പകൽ വീടിലേക്ക് ഫർണിച്ചർ/പാത്രങ്ങൾ വാങ്ങൽ | 50,000.00(വികസന ഫണ്ട് ജനറൽ) | 43,105.00 |

| | | | | |
|---|---|---|---|---|
| 4 | S0293/23 | തെരുവ് വിളക്ക് റിപ്പയർ | ആകെ - 9,00,000.00<br>4,00,000.00 (ധനകാര്യ കമ്മീഷൻ അവാർഡ്)<br>5,00,000.00(തനത് ഫണ്ട്) | 8,50,000.00 |
| 5 | S0443/23 | ശ്രീ.ധർമ്മരാജൻ മുളമൂട്ടിൽ എന്നവർക്ക് 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട പൈപ്പിട്ടതിനുള്ള തുക നൽകൽ | 3,00,000.00(തനത് ഫണ്ട്) | 2,99,000.00 |
| 6 | S0445/23 | ടൂറിസം വികസനം - DPR തയ്യാറാക്കൽ | 1,00,000.00(തനത് ഫണ്ട്) | 99,710.00 |
| 7 | S0600/23 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിലേക്ക് പബ്ലിക്ക് അഡ്രസ്സിംഗ് സിസ്റ്റം | 2,00,000.00 (ധനകാര്യ കമ്മീഷൻ അവാർഡ്) | 93,109.00 |
| **ആകെ** | | | | **30,04,924.00** |

രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.45/22-23/15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 30,04,924.00 തടസ്സപ്പെടുത്തുന്നു.

## 1-31 ലൈറ്റുകൾ സ്ഥാപിക്കൽ - മോണിറ്ററിംഗ് നടത്തുന്നില്ല

പനമരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2022-23 സാമ്പത്തിക വർഷം വിവിധ പദ്ധതികളിലായി ലോ മാസ്റ്റ് ലൈറ്റ്സ്, സ്ട്രീറ്റ് ലൈറ്റ്സ്, സോളാർ ലൈറ്റ്സ് എന്നിവ വാങ്ങിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു. ഒരു ലോമാസ്റ്റ് ലൈറ്റിന് 134800/- രൂപയും, ഒരു 25 Watt LED ലൈറ്റിന് 2700/- രൂപയും, ഒരു 35 Watt LED ലൈറ്റിന് 3100/- രൂപയും ആണ് നൽകിയിരിക്കുന്നത്.

| ക്രമ നം. | പദ്ധതി നം. | പദ്ധതിയുടെ പേര് | അടങ്കൽ (₹) | ചെലവ് തുക (₹) | ഇൻവോയിസ് പ്രകാരം നൽകിയ ലൈറ്റുകളുടെ വിവരം | തുക നൽകിയ ഏജൻസി/ വ്യക്തി(₹) |
|---|---|---|---|---|---|---|
| 1 | S0522/23 | പനമരം ഗ്രാ.പ ലെ വിവിധ വാർഡുകളിൽ ലോമാസ്റ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | ആകെ - 947000<br>660000 (വികസന ഫണ്ട് ജനറൽ)<br>137000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>150000 (തനത് ഫണ്ട്) | ആകെ - 943600<br>1. 660000. (BRN.22180852005301542508 0/28/03/2023)<br>2. 137000 (വൗചർനം.XVFC/23-24 /P/3/11.05.2023)<br>3.146600 (ചെക്ക് നം.008530/31.03.23) | 7 എണ്ണം ലോമാസ്റ്റ് ലൈറ്റുകൾ | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |

| | | | | | | |
|---|---|---|---|---|---|---|
| 2 | S0471/23 | അമ്മാനിക്കവല നീർവാരം സ്കൂൾ കവല എന്നിവടങ്ങളിൽ ലോമാസ്റ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | 280000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 269600 (വൗചർ നം.XVFC/23-24/P/285 /31.03.23 ) | 2 എണ്ണം ലോമാസ്റ്റ് ലൈറ്റുകൾ | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 3 | S0448/23 | മലങ്കര പള്ളി ജംഗ്ഷൻ ലോമാസ്റ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | 135000 (തനത് ഫണ്ട്) | 134800 (വൗചർ നം.42201101/31.03.23 ) | 1 എണ്ണം ലോമാസ്റ്റ് ലൈറ്റ് | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 4 | S0449/23 | അരിഞ്ചേർമല പള്ളി ജംഗ്ഷൻ ലോമാസ്റ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | 140000 (തനത് ഫണ്ട്) | 134800 (വൗചർ നം.42201404/31.03.23 ) | 1 എണ്ണം ലോമാസ്റ്റ് ലൈറ്റ് | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 5 | S0470/23 | പനമരം ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | ആകെ - 1775000<br>1090000 (വികസന ഫണ്ട് ജനറൽ)<br>385000(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>300000(തനത് ഫണ്ട്) | ആകെ ചെലവ് - 681500<br>1)385000 (വൗച്ചർനം.XVFC/23-24 /P/286/31.03.2023 )<br>2)296500 (വൗച്ചർ .42201100/31.03.23 ) | 25 Watt LED ലൈറ്റുകൾ- 601 എണ്ണം &<br>35 Watt LED ലൈറ്റുകൾ - 48 എണ്ണം | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 6 | S0593/23 | കൊറ്റില്ലത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കൽ | 199000 (തനത് ഫണ്ട്) | 199000 (വൗച്ചർ നം.422011404/31.03.23 ) | 25 Watt LED ലൈറ്റുകൾ - 5 എണ്ണം &<br>35 Watt LED ലൈറ്റുകൾ - 60 എണ്ണം | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 7 | S0618/23 | 4-ാം വാർഡിൽ സോളാർ ലൈറ്റ്സ് സ്ഥാപിക്കൽ | 250000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 250000 (വൗച്ചർ നം.XVFC/23-24 /P/19/12.05.23 ) | 45 Watt സോളാർ സ്ട്രീറ്റ് ലൈറ്റുകൾ - 6എണ്ണം | ഇൻകൽ ലിമിറ്റഡ്, എറണാകുളം |
| 8 | S0465/23 | 4-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ്സ് റിപ്പയർ | 250000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 249400 (വൗച്ചർ നം.XVFC/23-24/P/288 /31.03.23 ) | 25 Watt LED ലൈറ്റുകൾ -75 എണ്ണം &<br>35 Watt LED ലൈറ്റുകൾ - 16 എണ്ണം | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 9 | S0464/23 | 11-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ്സ് റിപ്പയർ | 220000 (ധനകാര്യ കമ്മീഷൻ | 220000 (വൗച്ചർ നം.XVFC/23-24/P/287 /31.03.23 ) | 25 Watt LED ലൈറ്റുകൾ | കേരള ഇലക്ട്രിക്കൽ & അലീഡ് |

| | | | | | | |
|---|---|---|---|---|---|---|
| | | | ഗ്രാന്റ്) | | - 39 എണ്ണം & 35 Watt LED ലൈറ്റുകൾ - 38 എണ്ണം | എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 10 | S0468/23 | വലിയപാലം കീഞ്ഞ്കടവ് ജംഗ്ഷൻ ലൈറ്റ്സ് സ്ഥാപിക്കൽ | 130000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 130000 (വൗച്ചർ നം.XVFC/23-24 /P/18/11.05.23 ) | 1 എണ്ണം ലോമാസ്റ്റ് ലൈറ്റ് | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| 11. | S0295/23 | 11-ാം വാർഡിൽ സ്ട്രീറ്റ് ലൈറ്റ്സ് സ്ഥാപിക്കൽ | 100000 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 99199(വൗചർ നം.) | 25 Watt LED ലൈറ്റുകൾ - 23 എണ്ണം & 35 Watt LED ലൈറ്റുകൾ - 12 എണ്ണം | കേരള ഇലക്ട്രിക്കൽ & അലീഡ് എഞ്ചിനീയറിംഗ് ലിമിറ്റഡ്) |
| **ആകെ** | | | | **3311899.** | | |

12 ലോമാസ്റ്റ് ലൈറ്റുകൾ, 25 Watt LED ലൈറ്റുകൾ 720 എണ്ണം, 35 Watt LED ലൈറ്റുകള് 162 എണ്ണം, 45 Watt സോളാർ സ്ട്രീറ്റ് ലൈറ്റുകൾ 6എണ്ണം എന്നിവയ്ക്കാണ് തുക നൽകിയിരിക്കുന്നത്.മേൽ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രം, ടെസ്റ്റ് റിപ്പോർട്ട്, ഇൻസ്റ്റലേഷൻ റിപ്പോർട്ട്, KSEB റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ലഭ്യമാക്കിയിട്ടില്ല. തെരുവു വിളക്ക് രജിസ്റ്ററിൽ ചേർക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/22-23/15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-32 MGNREGS പലിശ അടവാക്കിയ 1,65,945.00 രൂപ തിരികെ ഈടാക്കിയിട്ടില്ല.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0443/23 |
| **പ്രൊജക്ടിന്റെ പേര്** | ശ്രീ.ധർമ്മരാജൻ മുളമൂട്ടിൽ എന്നവർക്ക് 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട പൈപ്പിട്ടതിനുള്ള തുക നൽകൽ |
| **അടങ്കൽ** | ₹ 3,00,000.00 (തനത് ഫണ്ട്) |
| **ചെലവ് (₹)** | ₹ 2,99,000.00 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | സെക്രട്ടറി |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 10/06/2022 -ലെ വിധി പ്രകാരം , ശ്രീ.ധർമ്മരാജൻ മുളമൂട്ടിൽ, പനമരം എന്നവർക്ക് 2015-16 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട 115 പൈപ്പിട്ടതിനുള്ള തുക 2,99,000.00 രൂപ, ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത നിമിത്തം ഇതുവരെ നൽകാതിരുന്നത്, ഒൻപത് ശതമാനം പലിശ സഹിതം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രകാരം, മേൽ പ്രോജക്ട് പ്രകാരം 299000/- രൂപ പരാതിക്കാരന് നൽകിയിട്ടുണ്ട്.എന്നാൽ, പ്രസ്തുത ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

വിധിന്യായത്തിൽ പലിശ നൽകുന്നത് മൂലം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ

നിന്നും 6 മാസത്തിനകം ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പനമരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം(നം.5/28.10.22) പ്രകാരം പലിശ തുകയായ 165945/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ആയത് കാരണക്കാരായ ടി കാലയളവിലെ MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീ.ബെബിൻ ജോർജ്ജ്, ഓവർസിയർ ശ്രീ.ഗോപാലകൃഷ്ണൻ എന്നിവരിൽ നിന്നും വസൂലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വൗച്ചർ നം. 22200686/04.11.2022 പ്രകാരം, ₹ 1,65,945.00 തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്നും ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49/22-23/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല.

പലിശയായി അടവാക്കിയ ₹ 1,65,945.00 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്. ഖണ്ഡിക 3-1 കാണുക.

## 1-33 വസതി പലിശ തിരിച്ചടവ്- രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ | S0382/23 | S0307/23 |
|---|---|---|
| പ്രൊജക്ടിന്റെ പേര് | വസതി ലോൺ പലിശ തിരിച്ചടവ് | വസതി ലോൺ മുതൽ തിരിച്ചടവ് |
| അടങ്കൽ | ₹ 60,00,000. (തനത് ഫണ്ട്) | ₹ 10,00,000.(വികസന ഫണ്ട് ജനറൽ) |
| ചെലവ് (₹) | 1)₹ 2000000.00 (വൗച്ചർ നം.22200967/23.01.2023)<br>2)₹ 2000000.00<br>(വൗച്ചർ നം.22200966/23.01.2023)<br>3)₹ 2000000.00<br>(വൗച്ചർ നം.22200643/21.10.2022)<br>ആകെ: ₹ 60,00,000.00 | ₹ 10,00,000.00<br>(BRN No.2218085301073869/22-23 /09.01.2023) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |

വസതി ഭവന പദ്ധതിയുടെ ലോണിന്റെ പലിശ 60,00,000.00 രൂപയും മുതൽ 10,00,000.00 രൂപയും 2022-23 സാമ്പത്തിക വർഷം മേൽ പദ്ധതികൾ പ്രകാരം കേരള ബാങ്ക് , പനമരം മാനേജരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ, 2022-23 വർഷത്തെ വസതി ലോൺ രജിസ്റ്റർ, ലോൺ സ്റ്റേറ്റുമെന്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. 2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വസതി ഭവന പദ്ധതി ലോണിന്റെ ഔട്ട് സ്റ്റാന്റിംങ് ബാധ്യത ₹ 20,35,553.00 ആയിരുന്നു. ഈ വർഷവും അതേ തുക തന്നെയാണ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ, മേൽ പദ്ധതികൾ വഴി അടവാക്കിയ തുക ബാലൻസ് ഷീറ്റിലെ ബാധ്യതയിൽ നിന്നും കുറച്ചിട്ടില്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.44/22-23/15.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-34 ഗ്രാമപഞ്ചായത്തിലെ ടൂറിസം സാദ്ധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്.

പനമരം ഗ്രാമപഞ്ചായത്തിൽ വിവിധ ടൂറിസവുമായി ബന്ധപ്പെട്ടിട്ടുള്ള പദ്ധതികൾ ഏറ്റെടുക്കുന്നതിന് DPR തയ്യാറാക്കുന്നതിനായി State Agri Horticulture Society യെ ചുമതലപ്പെടുത്തുന്നതിന് 18-06-2022 ലെ ഭരണ സമിതി യോഗം (അജണ്ട-3 , തീരുമാനം-1 ) തീരുമാനം എടുത്തതായി കാണുന്നു. 2022-23 വർഷം ഇതുമായി ബന്ധപ്പെട്ട് DPR തയ്യാറാക്കുന്നതിന് പ്രൊജക്ട് നം. 445/23 പ്രകാരം ₹99710 രൂപചെലവഴിച്ചിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നം.3/2023 തീയതി 07-11-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള വരുമാന ഇനങ്ങൾ കണ്ടെത്തേണ്ടത് അനിവാര്യമാണ്. പ്ലാൻ ഫണ്ട് മാത്രം വകയിരുത്തി വികസന പ്രവർത്തനങ്ങൾ നിർവ്വഹിക്കുക എന്നത് തുടർ കാലങ്ങളിൽ പ്രായോഗീകമല്ല.അയതിനായി തനത് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വയനാട് ജില്ലയിൽ ഓരോ ഗ്രാമപഞ്ചായത്ത് പരിധിയിലും ടൂറിസത്തിന് പ്രാധാന്യമുള്ളതും എന്നാൽ നിലവിൽ പ്രയോജനപ്പെടുത്താത്തതുമായ പ്രദേശങ്ങൾ ധാരാളമായിട്ടുണ്ട്. പനമരം ഗ്രാമപഞ്ചായത്തിൽ

കൊറ്റില്ലം എന്ന പക്ഷി നിരിക്ഷണപ്രദേശം ഇതിൽ ഒന്നാണ്.പനമരം ഗ്രാമപഞ്ചായത്തിലെ ഈ കൊറ്റില്ലം സംരക്ഷിക്കുന്നതിന് Biodiversity Management Committee തയ്യാറാക്കിയ പ്രപ്പോസൽ സർക്കാർ അംഗീകരിച്ചതായും ഈയിനത്തിലെ പ്രാഥമീക ചെലവിനത്തിൽ 5 ലക്ഷം രൂപ അനുവദിച്ചതായും രേഖപ്പെടുത്തികാണുന്നു. പക്ഷികളെ നിരിക്ഷിക്കുന്നതിന് ഒരു വാച്ച് ടവർ നിർമ്മിക്കുന്നതിന് അവിടെ ടെലസ്കോപ്പ്, ബൈനോകുലർ എന്നിവ സ്ഥാപിക്കുന്നതിനും അതുവഴി വിനോദ സഞ്ചാരികളെ ആകർഷിക്കുന്നതിനും പദ്ധതികൾ തയ്യാറാക്കി സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിന് 12-1-2023 ലെ ഭരണസമിതി യോഗം (തീരുമാനം-1 , അജണ്ട-7) തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർ നടപടി വിവരവും ലഭ്യമല്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ ടൂറിസം വികസന സാദ്ധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തിയും, നിലവിൽ കണ്ടെത്തിയതിനെ ആകർഷകമായ ടൂറിസം ഡെസ്റ്റിനേഷനായി വളർത്തികൊണ്ടുവരുന്നതിനും അതിലൂടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## 1-35 1997ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ വ്യവസ്ഥപ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചില്ല.

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങളിലെ സെക്ഷൻ 3 (1) പ്രകാരം പേമാരി, വെള്ളപൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരാണർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി ഓരോ ഗ്രാമപഞ്ചായത്തിനും ഒരു പ്രമേയം മൂലം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ഫണ്ടുകളിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കാവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ചട്ടത്തിലെ ചട്ടം 3(2) അനുസരിച്ച് ഈ ഫണ്ടിലേക്ക് ധനസമാഹരാണർത്ഥം കലാ, കായിക, വിനോദ പരിപാടികൾ, സംഘടിപ്പിച്ചും, വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും സംഭാവനകൾ സ്വീകരിച്ചും ദുരിതാശ്വാസ നിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. ചട്ടം 4 (1) പ്രകാരം ഈ നിധിയിൽ നിന്നും അതാത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന ഒരു വ്യക്തിക്ക് അല്ലെങ്കിൽ അയാളുടെ കുടുംബത്തിന് ധനസഹായം നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ ചട്ടത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത നിധിയുടെ വരവ് ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പ് നമ്പർ 21 /2022- 2023 തീയതി :13/11/2023 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. 2022-23 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം ഈയിനത്തിൽ യാതൊരു വരവും കാണിച്ചിട്ടില്ല. ഇതിൽ നിന്നും ചട്ടപ്രകാരമുള്ള ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലെന്ന് കാണാവുന്നതാണ്. മേൽ ചട്ടത്തിൽ വ്യവസ്ഥ ചെയ്യുംവിധം അടിയന്തിര സഹായം പൊതുജനങ്ങൾക്ക് ലഭ്യമാക്കാനുള്ള മാർഗ്ഗമായി ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതും, പ്രസ്തുത ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുംവിധത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-36 അസി.എഞ്ചിനിയർ -ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ്- സംബന്ധിച്ച് രേഖകൾ ലഭ്യമാക്കിയില്ല

അസി.എഞ്ചിനിയറുടെ പേരിൽ കനറാ ബാങ്ക് IFSC CNRB0000856, 0856101054773 അക്കൗണ്ട് നംബറിൽ ഒരു എസ്.ബി അക്കൗണ്ട് നിലവിലുള്ളതായി കാണുന്നു. ഈ അക്കൗണ്ടിൽ ലഭ്യമായ വിവരം അനുസരിച്ച് 24-6-2023 തീയതിയിൽ ₹ 7,45,585.55 രൂപ നീക്കിയിരിപ്പുണ്ട്. ഈ തുക ഏതു ഇനത്തിലുള്ള നീക്കിയിരിപ്പാണെന്ന് വ്യക്തമല്ല. ഈ തുകയുടെ നീക്കിയിരിപ്പ് വിവരം ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. ഇതു സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-41/2022- 2023 തീയതി : 14/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. നീക്കിയിരിപ്പുള്ള ഈ തുക ഏതൊക്കെ ഇനങ്ങളിൽ ലഭിച്ച തുകയാണ് എന്ന് പരിശോധിച്ച് തിരിച്ചടക്കേണ്ട തുകകൾ യഥാസമയം തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-37 കുടിവെള്ള പദ്ധതികളിലെ മോട്ടോർ സ്ഥാപിക്കൽ- ഗ്യാരണ്ടി കാലാവധിക്കുള്ളിൽ മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2022-23 വർഷത്തെ കുടിവെള്ള പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ എസ്റ്റിമേറ്റിൽ മോട്ടോർ വാങ്ങുന്നതിനുള്ള പ്രൊവിഷൻ ഉൾപ്പെടുത്തുകയും ഫണ്ട് വകയിരുത്തുകയും ചെയ്തിട്ടുണ്ട്.എന്നാൽ ബിൽ ബുക്ക് അളവുകൾ പ്രകാരം ചില പ്രൊജക്ടുകളിൽ മോട്ടോർ പർച്ചേസ് ചെയ്തതായി കാണുന്നില്ല. കുടിവെള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് മോട്ടോർ അനിവാര്യമായിരിക്കെ ആയത് ഉൾപ്പെടുത്താതെയാണ് പ്രൊജക്ട് നിർവ്വഹിച്ചതായി കാണുന്നത്. ചില പ്രൊജക്ടുകളിൽ മോട്ടോർ പർച്ചേസ് ചെയ്തിട്ടുണ്ട്. എന്നാൽ പ്രസ്തുത മോട്ടോർ ഇൻസ്റ്റാൾ ചെയ്ത് കുടിവെള്ളം ലഭ്യമായിതുടങ്ങിയോ എന്നത് വ്യക്തമല്ല. ഫയൽ പ്രകാരം വാങ്ങിയിട്ടുള്ള എല്ലാ മോട്ടോറുകളുടെയും ഗ്യാരണ്ടി കാലാവധി 12 മാസം മാത്രമാണ്.

പ്രൊജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നമ്പർ | പ്രൊജക്ടിന്റെ പേര് | പർച്ചേസ്ചെയ്ത മോട്ടോറിന്റെ ഇനം | ഗ്യാരണ്ടി കാലാവധി |
|---|---|---|---|---|
| 1 | So 186/23 | നെഞ്ചറമൂല കോളനി പൊതുകിണർ നിർമ്മാണം. | 1.HP | 12 മാസം |
| 2 | So 184/23 | കൊട്ടവയൽ അമ്മാനി പൊതുകിണർ നിർമ്മാണം | 1.5 HP | 12 മാസം |
| 3 | So 257/23 | കോളോം കോളനി കുടിവെള്ള കിണർ റിപ്പയർ ,പ്ലംബിംഗ് മോട്ടോർ സ്ഥാപിക്കൽ | 1. HP | 12 മാസം |
| 4 | So473/23 | ചാളക്കര കോളനി ജലസേചന കിണർ റിപ്പയർ പമ്പ് മോട്ടോർ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1. 5 HP | 12 മാസം |
| 5 | So 471/23 | മുക്രമൂല കോളനി പൊതു കിണറിന് ടാങ്ക്,മോട്ടോർ പൈപ്പ് സ്ഥാപിക്കൽ | 1.5 HP | 12 മാസം |
| 6 | So 262/23 | സുബ്ബയ്യ നെടും കുന്ന് കുടിവെള്ള കിണർ നിർമ്മാണം അനുബന്ധ പ്രവൃത്തികൾ | 1. 5 HP | 12 മാസം |
| 7 | So 160/23 | മതിശ്ശേരി കോളനി കിണർ നിർമ്മാണം<br>പമ്പ് മോട്ടോർ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 1 .HP | 2 മാസം |

മേൽ പ്രൊജക്ടുകളിൽ മോട്ടോർ ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടോ, വൈദ്യുതി കണക്ഷൻ ലഭ്യമായിട്ടുണ്ടോ, കുടിവെള്ളം ലഭ്യമാവുന്നുണ്ടോ. ഗ്യാരണ്ടി കാലാവധിയിൽ മോട്ടോറുകൾക്ക് ഏതെങ്കിലും തകരാറുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നീ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ-40/2022- 2023 തീയതി : 14/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രൊജക്ട് ഫയലുകൾ പരിശോധിച്ചതിൽ പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയിട്ടുള്ള എല്ലാ മോട്ടോറുകൾക്കും ഒരു വർഷ ഗ്യാരണ്ടിമാത്രമാണ് ലഭ്യമായിട്ടുള്ളത്. മാത്രവുമല്ല വാങ്ങിയ മോട്ടോറുകളൊന്നും ബ്രാന്റ് കമ്പനികളുടെതോ, അറിയപ്പെടുന്ന മറ്റ് ബ്രാന്റുകളിൽ പെടുന്നതുമല്ലെന്നുകാണുന്നു. ഗ്യാരണ്ടികാർഡിൽ കോയമ്പത്തൂരിലെ കടയുടെ മേൽവിലാസമാണുള്ളത്. പൊതുപണം പെലവഴിച്ച് നിർവ്വഹിക്കുന്ന ഇത്തരം പ്രൊജക്ടുകളിലെ സാധനസാമഗ്രികൾ ഗുണനിലവാരമുള്ളതും, ഈടുനിൽകുന്നതുമാണെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാൽ 2022-23 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ എല്ലാ കുടിവെള്ള ജലസേചന പദ്ധതികളിലൂടെയും വാങ്ങിയിട്ടുള്ള മോട്ടോറുകൾ പരിശോധിച്ച് ആയവ പ്രവർത്തനക്ഷമമാണെന്ന് ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥനും, മോണിറ്ററിംഗ് കമ്മറ്റിയും ഉറപ്പുവരുത്തേണ്ടതാണ്. അപാകം ഉള്ള പക്ഷം ഈ പ്രൊജക്ട് നടപ്പാക്കിയ കരാറുകാരനിൽ നിന്നും അപാകം പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-38 മരാമത്ത് പ്രവൃത്തികളിലെ ഗ്യാരണ്ടികാലയളവിലെ അറ്റകുറ്റപണികൾ കരാറുകാർ ചെയ്യുന്നുണ്ട് എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

അസി.എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി വിവിധ മേഖലകളിൽ മരാമത്ത് പ്രവർത്തികൾ നിർവ്വഹിച്ചുവരുന്നുണ്ട്. ഈവിധം നിർവ്വഹിച്ചുവരുന്ന ഓരോ മരാമത്ത് പ്രവൃത്തിക്കും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്യാരണ്ടി കാലയളവുകളും നിശ്ചയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ (എ.സി) വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-08-2018 ലെ നം. എ,സി2/223/2015 തസ്വഭവ. സർകുലർ ഖണ്ഡിക 3 പ്രകാരം മരാമത്ത് പ്രവൃത്തിയുടെ ഗ്യാരണ്ടി കാലയളവിൽ സംഭവിക്കുന്ന എല്ലാ തകരാറുകളും കരാറുകാരന്റെ സ്വന്തം ഉത്തരവാദിത്വത്തിൽ പരിഹരികേണ്ടതാണെന്നും, ഇതിൽ കരാറുകാരൻ വീഴ്ച വരുത്തുകയാണെങ്കിൽ പ്രവൃത്തിയുടെ തകരാറുകൾ മറ്റൊരു കരാറുകാരനെ കൊണ്ട് പരിഹരിക്കേണ്ടതും ആയതിന് വേണ്ടിവരുന്ന ചെലവ് കരാറുകാരന്റെ ജാമ്യ നിക്ഷേപത്തിൽ നിന്നും വസൂലാക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ വിധം നിർമ്മാണപ്രവർത്തനങ്ങളിൽ അപാകങ്ങൾ സംഭവിചിട്ടുണ്ടോ എന്നുള്ള ഫിൽഡ് തല പരിശോധനയിലൂടെ നിർണ്ണയിക്കേണ്ടതാണ്. അതുപ്രകാരമുള്ള പ്രവൃത്തികൾ ബന്ധപ്പെട്ട് കരാറുകാരെ കൊണ്ടുതന്നെ നിർവ്വഹിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും വർക്കിംഗ് ഗ്രൂപ്പുകളും പ്രസ്തുത വിഷയം ചർച്ച ചെയ്യേണ്ടതും

തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. ഇത്തരം പ്രവർത്തനങ്ങൾ നിർവ്വഹിച്ചത് സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-39 നിരതദ്രവ്യം,സുരക്ഷിത നിക്ഷേപം എന്നിവയ്ക്ക് ലഭിക്കുന്ന സ്ഥിരനിക്ഷേപ ഡി.ഡി.കൾ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ സൂക്ഷിക്കുന്നത് ക്രമവിരുദ്ധം

ധനകാര്യ വകുപ്പിന്റെ 27.08.2010 -ലെ സർക്കുലർ നമ്പർ 80/10/ധനം പ്രകാരം നിരതദ്രവ്യം, സുരക്ഷിത നിക്ഷേപം എന്നീ ഇനങ്ങളിൽ ലഭിക്കുന്ന തുക ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ 2022-23 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടറിന്റെ ഭാഗമായി കരാറുകരിൽ നിന്നും നിരതദ്രവ്യം ഇനത്തിൽ ലഭിച്ച താഴെ പറയുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ ഫയലിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണ്.

| ക്രമ നമ്പർ | ഡിമാന്റ് ഡ്രാഫ്റ്റ് നമ്പർ, തീയതി, ബാങ്ക് | ബാങ്കിന്റെ പേര് | തുക |
|---|---|---|---|
| 1 | 159890 Dt 7-2-2023 | കനറാ ബാങ്ക് | ₹20,800/ |
| 2 | 4395194 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 3 | 4395193 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 4 | 4395192 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 5 | 4395191 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 6 | 4395190 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 7 | 4395189 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 8 | 4395188 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 9 | 4395187 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 10 | 4395186dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 11 | 4395185 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 12 | 4395184 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 13 | 4395183 Dt 1-2-2023 | ബറോഡ ബാങ്ക് | ₹21,000/ |
| 14 | 4395199 Dt 13-2-2023 | ബറോഡ ബാങ്ക് | ₹42000/ |
| 15 | 4395216 Dt 29-3-2023 | ബറോഡ ബാങ്ക് | ₹11,000/ |
| 16 | 001001016739 Dt 27-10-2022 | പനമരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ₹8500/ |
| 17 | 001001016765 Dt 19-11-2022 | പനമരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ₹8500/ |
| 18 | 515718 Dt 9-2-2023 | കനറാബാങ്ക് | ₹10,400/ |
| 19 | 001001016993 Dt 15-3-2023 | പനമരം സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ₹10,400/ |
| ആകെ തുക | | | ₹3,6,36,00 |

2011 - ലെ പഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 20 പ്രകാരവും നിർവ്വഹണ ഉദ്യോഗസ്ഥർ ഗ്രാമപഞ്ചായത്തിനു വേണ്ടി സ്വീകരിക്കുന്ന എതൊരു തുകയും യഥാസമയം ഗ്രാമപഞ്ചായത്തിൽ ഒടുക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിനു വേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥൻ നടപ്പിലാക്കിയ എല്ലാപ്രോജക്റ്റിന്റെ ഭാഗമായും ലഭിക്കുന്ന ഡിമാന്റ് ഡ്രാഫ്റ്റുകൾ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ ഒടുക്കാതെ ഫയലിൽ സൂക്ഷിച്ചത് ക്രമവിരുദ്ധമാണ്. തുടർനടപടി വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് നമ്പർ-20/2022- 2023 തീയതി : 13/11/2023 മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ വിധം നിരതദ്രവ്യം, സുരക്ഷിത നിക്ഷേപ ഡി.ഡി കൾ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച വിധം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-40 റോഡ് ടാറിംഗ് പ്രവൃത്തിയിൽ Shredded പ്ലാസ്റ്റിക്ക് ഉപയോഗിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

18-5-2016 ലെ ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ സർക്കുലർ നിർദ്ദേശപ്രകാരവും, 17-11-16ലെ സ.ഉ(സാധാ) നം. 3119/2016 ത.സ്വഭ.വ ഉത്തരവിലെ നിർദ്ദേശ പ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനഫണ്ട്, മെയിന്റ്നൻസ് ഫണ്ട് എന്നിവ ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾകുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് Shredded പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഇതുമൂലം ലക്ഷ്യമിടുന്നുണ്ട്.

ഹരിത കർമ്മസേനവഴി ശേഖരിക്കുന്ന പ്ലാസ്റ്റിക്ക് ഈ വിധം പൊടിച്ച് ടാറിംഗിന് പ്രയോജനപ്പെടുത്തുന്ന രീതിയിൽ തയ്യാറാക്കി നൽകുന്നതുവഴി ഹരിത കർമ്മ സേനയ്ക്ക് ഒരു വരുമാനവും, അതിലുപരി പ്ലാസ്റ്റിക്കിന്റെ പുനരുപയോഗവുമാണ് നടക്കുന്നത്. 2022-23 വർഷത്തിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം 16 റോഡ് ടാറിംഗ് പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളത്. ഈ പ്രവൃത്തികളിൽ ഈ വിധം പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിച്ചിട്ടുണ്ടോ എന്ന വ്യക്തമല്ല. വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് ( നമ്പർ - 22/2022- 2023 തീയതി :13/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിച്ച് Shredded പ്ലാസ്റ്റിക്ക് റോഡ് ടാറിംഗ് പ്രവൃത്തിയിൽ ഉപയോഗപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-41 പുഞ്ചവയൽ കരിമഞ്ചേരി റോഡ് ടാറിംഗ്- ടെണ്ടർ തുകയിൽ പരിമിതപെടുത്താതെ തുക നൽകിയത്- തിരികെ ഈടാക്കേണ്ടതാണ്.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ | S083/23 |
| പ്രൊജക്ടിന്റെ പേര് | പുഞ്ചവയൽ കരിമഞ്ചേരി റോഡ് ടാറിംഗ് |
| ഫണ്ട് അടങ്കൽ | ₹5,00,000 .00( ധനകാര്യ കമ്മീഷൻ) |
| എസ്റ്റിമേറ്റ് തുക | ₹4,22,812.00 |
| അംഗീകരിച്ച ടെണ്ടർ തുക | ₹ 4,21,729.00 |
| ഫണ്ട് ചെലവ് | ₹ 4,98,521.00 |
| വൗച്ചർ നംബർ, തീയതി, തുക | XVFC /2022-23 /P /279 Dt 30-3-2023 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |
| എം.ബുക്ക് നം. | Price-3 |
| കരാറുകാരൻ. | ശ്രീ. രഞ്ജിത്ത്.കെ |

ധനകാര്യ കമ്മീഷൻ ഫണ്ട് വകയിരുത്തി 2022-23 ൽ നടപ്പാക്കിയതാണ് പുഞ്ചവയൽ കരിമഞ്ചേരി റോഡ് ടാറിംഗ് എന്ന പ്രവൃത്തി.₹4,22,812.00 രൂപ എസ്റ്റിമേറ്റ് നിശ്ചയിച്ച ഈ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ലഭിച്ച ടെണ്ടറുകളിൽ ശ്രീ.രഞ്ജിത്ത്.കെ എന്ന കരാറുകാരൻ ക്വാട്ട് ചെയ്ത ₹ 4,21,728.53.00 നിരക്കിലുള്ള ടെണ്ടറാണ് അംഗീകരിച്ചിരുന്നത്. ഈ പ്രവൃത്തിയുടെ ഫൈനൽ ബിൽ പരിശോധിച്ചതിൽ താഴെ ചേർത്ത പ്രകാരമാണ് തുക കണക്കാക്കിയിട്ടുള്ളത്

| | നൽകിയ തുക | നൽകേണ്ട തുക | Excess Amount |
|---|---|---|---|
| ആകെ പ്രവൃത്തി മൂല്യം | ₹ 4,22,475.00 | ₹ 4,21,728.53 | |
| ജി.എസ്.ടി 18% | ₹ 76046.00 | ₹ 75911.00 | |
| ആകെ | ₹ 4,98,521.00 | ₹ 4,97,639.53 | |
| റിക്കവറികൾ | | | |
| ക്ഷേമനിധി 1% | ₹ 4225.00 | ₹ 4217 | |
| CGST !% | ₹ 4225.00 | ₹ 4217 | |
| SGST 1% | ₹ 4225.00 | ₹ 4217 | |
| IT 1% | ₹ 4225.00 | ₹ 4217 | |
| ആകെ റിക്കവറി തുക | ₹ 16900.00 | **₹ 16,868** | |
| കരാറുകാരന് നൽകിയ തുക | ₹ 4,81,621.00 | ₹ 4,80,771.53 | ₹850.00 |

ആകെ പ്രവൃത്തിമൂല്യം ടെണ്ടർ അംഗീകരിച്ച തുകയായ ₹ 4,21,728.53 രൂപയിൽ ലിമിറ്റ് ചെയ്യാത്തതിനാൽ ₹850.00 രൂപ കരാറുകാരൻ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക തിരികെ ഈടാക്കി ഒടുക്കേണ്ടതാണ് മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന്(നമ്പർ.39 /2022-2023 തീയതി:13/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-42 റോഡ് കണക്ടിവിറ്റി മാപ്പിംഗ്- പൂർത്തിയാക്കിയില്ല

വികേന്ദ്രികൃതാസൂത്രണ കോർഡിനേഷൻ കമ്മറ്റിയുടെ 14-9-2021 ലെ തീരുമാനം (4-11) പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലെ ആസ്തി സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പിംഗ് തയ്യാറാക്കുവാൻ നിർദ്ദേശിച്ചിരുന്നു. Kerala State Remote Sensing And Enviornment Centre തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ് ഫോമിന്റെയും R-track Mobile Application ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കേണ്ടത്. ഇതിനായുള്ള ചെലവുകൾക്ക് വാർഡ് ഒന്നിന് ₹3000 രൂപ വീതം ചെലവഴിക്കാൻ അനുമതിയുണ്ട്. ഈ തുകയിൽ 1000 രൂപ ട്രാക്കിംഗ് ചെലവിനത്തിലും, 1200 രൂപ വെരിഫിക്കേഷനും, 800 രൂപ പ്രിന്റിംഗ് ചെലവിനത്തിലുമാണ് വിനിയോഗിക്കാൻ അനുമതിയുള്ളത്. ട്രാക്കിംഗ് പ്രവർത്തനങ്ങൾക്ക് UPS Android സൗകര്യമുള്ള മൊബൈൽ ഫോൺ ഉപയോഗപ്പെടുത്തി മനുഷ്യവിഭവശേഷി വിനിയോഗിച്ച് പദ്ധതി നടത്താവുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പിംഗ് പ്രവർത്തനത്തിനായി താഴെപറയുന്ന വിധം പ്രൊജക്ട് നടപ്പാക്കിയിട്ടുണ്ട്.

| | |
|---|---|
| പ്രൊജക്ട് നംബർ | S0513/23 |
| പ്രൊജക്ടിന്റെ പേര് | റോഡ് കണക്ടിവിറ്റി മാപ്പ് പ്രവൃത്തി |
| അടങ്കൽ | ₹69000.00 (തനത് ഫണ്ട്) |
| ചെലവ് | ₹23000 (ചെക്ക് നം. 8531 Dt 04-04-2023 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |

പനമരം ഗ്രാമപഞ്ചായത്തിലെ എല്ലാ റോഡുകളുടെയും റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ഫിൽഡ് സർവ്വേക്ക് ₹23000 രൂപ ചെലവഴിച്ചിട്ടുണ്ട്. 23 വാർഡുകൾക്കും 1000 രൂപ വീതമാണ് ചെലവഴിച്ചിട്ടുള്ളത്. ഈ തുക ചെലവഴിച്ച് മാപ്പിംഗ് പ്രവൃത്തിയുടെ ഭാഗമായ ട്രാക്കിംഗ് മാത്രമാണ് നടത്തിയതായി കാണുന്നത്. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ നടപ്പാക്കി റോഡ് കണക്ടിവിറ്റിമാപ്പിംഗ് പൂർത്തിയാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള എല്ലാ റോഡുകളും മാപ്പ് ചെയ്യുന്നതിനുള്ള പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്. മെയിന്റനൻസ് ഫണ്ട് അനുവദിക്കുന്നതിന് ഈ വിധം റോഡ് കണക്ടിവിറ്റി മാപ്പിംഗ് ആവശ്യമായി വന്നേക്കാവുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവർത്തനം പൂർത്തിയാക്കേണ്ടതാണ്.

## 1-43 പ്രൊജക്ട് തയ്യാറാക്കുന്നതിൽ മുന്നൊരുക്കമില്ല- ടെണ്ടർ നടപടിക്കുശേഷവും പ്രവൃത്തിയിനങ്ങൾ പൂർണ്ണമായും പുതുക്കി പ്രവൃത്തി നിർവ്വഹിച്ചു.

| | |
|---|---|
| പ്രൊജക്ട് നം. | SO218/23 |
| പ്രൊജക്ടിന്റെ പേര് | കാപ്പുംചാൽ ഹെൽത്ത് സെന്റർ നവീകരണം. |
| അടങ്കൽ | ₹2,00,000 ( ഫണ്ട്-(MG.NR) |
| ചെലവ് | ₹ 1,59,386 |
| ബിൽ നം.തുക | 22180852002901504445 DT 27-3-2023 |
| നിർവ്വഹണം | അസി.എഞ്ചിനിയർ |

ഗ്രാമപഞ്ചായത്തിലെ കാപ്പുംചാൽ ഹെൽത്ത് സെന്ററിൽ വിവിധ പ്രവൃത്തികൾ ചെയ്യുന്നതിന് ₹2,50,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി .ഈ പ്രവൃത്തി ടെണ്ടർ ചെയ്തതിൽ എസ്റ്റിമേറ്റ് തുകയുടെ 5% കുറവ് നിരക്കിൽ ക്വാട്ട് ചെയ്ത ശ്രീ. കെ.വി.കുര്യാക്കോസ് എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിക്കുകയുണ്ടായി. വർക്ക് ഓർഡർ ലഭിച്ചതനുസരിച്ച് കരാറുകാരൻ 16-3-2022 തീയതിയിൽ ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടു. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണഘട്ടത്തിൽ എസ്റ്റിമേറ്റിൽ കാണിച്ച വിധത്തിലുള്ള യാതൊരു പ്രവൃത്തിയും ഹെൽത്ത് സെന്ററിൽ ചെയ്യാനായിട്ടില്ലെന്നും അതുകൊണ്ട് പ്രസ്തുത കരാറിൽ നിന്നും തന്നെ ഒഴിവാക്കി തരണം എന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് സമർപ്പിച്ചതായി കാണുന്നു. ഇതിനെ തുടർന്ന് ഹെൽത്ത് സെന്ററിലെ മെഡിക്കൽ ഓഫീസർ 24-8-2022 ന് B463/2022 നമ്പർ കത്ത് പ്രകാരം ആദ്യത്തെ എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത വിവിധ പ്രവൃത്തികൾ ഹെൽത്ത് സെന്ററിൽ നിർവ്വഹിക്കാനുണ്ടെന്ന് കത്ത് നൽകുകയുണ്ടായി. സബ്ബ്സെന്ററിന് ഗേറ്റ് സ്ഥാപിക്കൽ, ഓഫിസിലേക്ക് കയറുന്ന വഴിയുടെ ഇരുഭാഗത്തും റെയിൽ പിടിപ്പിക്കൽ, ക്വർട്ടേസിന്റെ വാതിൽ മാറ്റിസ്ഥാപിക്കുക, ജനലിന്റെയും അലമാരയുടെയും പൊട്ടിയ ഗ്ലാസ് മാറ്റുക, മുറ്റം ബൗണ്ടറി തിരിച്ച് ഇന്റർലോക്ക് ചെയ്യുക, റൂഫിംഗ് ഷീറ്റിൽ പാത്തി പിടിപ്പിക്കുക, ഓഫീസ് റൂമിന് സീലിംഗ് ചെയ്യുക തുടങ്ങിയ ഇനങ്ങൾ നിർവ്വഹിക്കുന്നതിന് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നിലവിലെ കരാറുകാരനെ കൊണ്ട് തന്നെ പ്രസ്തുത പ്രവൃത്തി നിർവ്വഹിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രൊജക്ട് ആവിഷ്കരിച്ച്, ടെണ്ടർ

ചെയ്ത് കരാറുകാരൻ കരാർ വെച്ച് പ്രവൃത്തി നിർവ്വഹണഘട്ടത്തിൽ പ്രവൃത്തി നിർവ്വഹിക്കേണ്ട സൈറ്റിൽ എത്തിയപ്പോൾ മാത്രമാണ് അത്തരമൊരു പ്രവൃത്തി ചെയ്യാനില്ലെന്ന് കരാറുകാരൻ അറിയുന്നത്. ഈ നടപടി ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച് മെഡിക്കൽ ഓഫീസറോ ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകളോ , നിർവ്വഹണോദ്യോഗസ്ഥനോ ഗ്രാമപഞ്ചായത്തിന് റിപ്പോർട്ട് സമർപ്പിച്ചതായി കാണുന്നില്ല ഇത് പദ്ധതി ആസൂത്രണത്തിലെയും മോണിറ്ററിംഗിലേയും വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഹെൽത്ത് സെന്റർ കെട്ടിടത്തിന് റൂഫിംഗ് ഷീറ്റ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായിരുന്നു ആദ്യത്തെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പ്രസ്തുത ഇനങ്ങൾ കരാർ നിർവ്വഹിക്കുന്നതിനു മുൻപു തന്നെ മറ്റുവിധത്തിൽ നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ അനുമതി ലഭിച്ചിരുന്നുവോ, ഏത്ഏജൻസിയാണ് പ്രസ്തുത പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്, എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ഘട്ടത്തിലോ, പദ്ധതി ടെണ്ടർ ചെയ്യുന്ന ഘട്ടത്തിലോ ഈ വിധം എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി ഹെൽത്ത് സെന്ററിൽ നിർവ്വഹിച്ചതായ വിവരം മെഡിക്കൽ ഓഫീസർ ലഭ്യമാക്കിയിരുന്നുവോ, തുടങ്ങിയ വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ.33 /2022- 2023 തീയതി :13/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് നിർവ്വഹിക്കേണ്ടുന്ന പ്രവൃത്തിയുടെ ആവശ്യകത സംബന്ധിച്ച് ഫിൽഡ് പരിശോധന നടത്തി മാത്രം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതാണ്. പ്രസ്തുത പ്രവൃത്തി മറ്റുവിധത്തിൽ നിർവ്വഹിക്കാനുള്ള സാദ്ധ്യത യില്ലെന്ന് ഉറപ്പുവരുത്തിമാത്രം പ്രോജക്റ്റ് തയ്യാറാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ഓഡിറ്റ് ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-44 കുടിവെള്ള പ്രൊജക്റ്റുകൾ പൂർത്തികരിച്ചതിന്റെ പദ്ധതി മോണിറ്ററിംഗ് വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ.

| ക്രമ.നം | പ്രൊജക്റ്റ് നം. | പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 160/23 | മതിശ്ശേരി കോളനി കിണർ നിർമ്മാണം പമ്പ് മോട്ടോർ പെപ്പ് ലൈൻ സ്ഥാപിക്കൽ | 5,25,000 | 4,70,894 |
| 2 | 178/23 | സുബ്ബയ്യ നെടുംകുന്ന് കുടിവെള്ള കിണർ നിർമ്മാണം അനുബന്ധപ്രവൃത്തികൾ | 5,00,000 | 4,95,651 |
| 3 | 175/23 | കോട്ടവയൽ അമ്മാണി പൊതു കിണർ നിർമ്മാണം | 4,00,000 | 3,94,463 |
| 4 | 133/23 | ആര്യന്നൂർ കുടിവെള്ള പദ്ധതി | 11,00,000 | 8850 |
| 5 | 177/23 | തോണിമൂല കുടിവെള്ള കിണർ നിർമ്മാണം | 2,75,000 | 2,70,939 |
| 6 | 144/23 | കരിമംകുന്ന് എസ്സി കോളനി കുടിവെള്ള പദ്ധതി | 3,00,000 | 2,78,136 |
| 7 | 243/23 | താഴെതുങ്ങാടി കോളനി പൊതു കിണർ നിർമ്മാണം | 2,50,000 | 2.31,241 |
| 8 | 238/23 | ചാളക്കര കോളനി ജലസേചന കിണർ റിപ്പയർ പമ്പ് മോട്ടോർ പൈപ്പ് സ്ഥാപിക്കൽ | 2.50,000 | 2,44,544 |
| 9 | 234/23 | നെല്ലിക്കൽ കോളനി പൊതു കിണർ റിപ്പയർ ടാങ്ക് മോട്ടോർ പെപ്പ് സ്ഥാപിക്കൽ | 2,50,000 | 2,10,870 |
| 10 | 235/23 | മെലേതുങ്ങാടി കോളനി പൊതുകിണർ റിപ്പയർ ടാങ്ക് മോട്ടോർ സ്ഥാപിക്കൽ | 2,00,000 | 1,97,206 |
| 11 | 236/23 | കുനേമ്മൽ കോളനി പൊതു കിണർ ടാങ്ക് മോട്ടോർ സ്ഥാപിക്കൽ | 2,00,000 | 1,77,708 |
| 12 | 239/23 | അട്ടിച്ചിറകോളനി കുടിവെള്ള കിണർ നിർമ്മാണം മോട്ടോർ ടാങ്ക് പെപ്പ് സ്ഥാപിക്കൽ | 2,00,000 | 1,99,656 |

ഈ കുടിവെള്ള പദ്ധതികളുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ, മേൽ പ്രൊജക്റ്റുകളിൽ ഏതൊക്കെ പദ്ധതികളിൽ മോട്ടോർ സ്ഥാപിച്ചിട്ടുണ്ട്. മോട്ടോർ സ്ഥാപിച്ച എല്ലാ പദ്ധതികളിലും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുണ്ടോ, മേൽ പദ്ധതികളിൽ പൂർണ്ണമായും പൂർത്തികരിച്ച് കുടിവെള്ളം ലഭ്യമായിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് (നമ്പർ 38 /2022- 2023 തീയതി :14/11/2023) മറുപടി ലഭ്യമാക്കിയിട്ടില്ല. കുടിവെള്ളപദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് കുടിവെള്ളം ലഭിച്ചുവരുന്നുണ്ടോ എന്നുള്ള റിപ്പോർട്ടും, പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 MGNREGS പലിശ അടവാക്കിയ 1,65,945.00 രൂപ തിരികെ ഈടാക്കിയിട്ടില്ല.

| | |
|---|---|
| **പ്രൊജക്ട് നമ്പർ** | S0443/23 |
| **പ്രൊജക്ടിന്റെ പേര്** | ശ്രീ.ധർമ്മരാജൻ മുളമൂട്ടിൽ എന്നവർക്ക് 2014-15 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട പൈപ്പിട്ടതിനുള്ള തുക നൽകൽ |
| **അടങ്കൽ** | ₹ 3,00,000.00 (തനത് ഫണ്ട്) |
| **ചെലവ് (₹)** | ₹ 2,99,000.00 |
| **നിർവ്വഹണോദ്യോഗസ്ഥൻ** | സെക്രട്ടറി |

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഹു. ഓംബുഡ്സ്മാന്റെ 10/06/2022 -ലെ വിധി പ്രകാരം , ശ്രീ.ധർമ്മരാജൻ മുളമൂട്ടിൽ, പനമരം എന്നവർക്ക് 2015-16 വർഷത്തിൽ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെട്ട 115 പൈപ്പിട്ടതിനുള്ള തുക 2,99,000.00 രൂപ, ഉദ്യോഗസ്ഥരുടെ കെടുകാര്യസ്ഥത നിമിത്തം ഇതുവരെ നൽകാതിരുന്നത്, ഒൻപത് ശതമാനം പലിശ സഹിതം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. അത് പ്രകാരം, മേൽ പ്രോജക്ട് പ്രകാരം 299000/- രൂപ പരാതിക്കാരന് നൽകിയിട്ടുണ്ട്.എന്നാൽ, പ്രസ്തുത ഫയൽ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

വിധിന്യായത്തിൽ പലിശ നൽകുന്നത് മൂലം ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന നഷ്ടം ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 6 മാസത്തിനകം ഈടാക്കി റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. പനമരം ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം (നം.5/28.10.22) പ്രകാരം പലിശ തുകയായ 165945/- രൂപ തനത് ഫണ്ടിൽ നിന്നും നൽകുന്നതിനും ആയത് കാരണക്കാരായ ടി കാലയളവിലെ MGNREGS അക്രഡിറ്റഡ് എഞ്ചിനീയർ ശ്രീ.ബെബിൻ ജോർജ്ജ്, ഓവർസിയർ ശ്രീ.ഗോപാലകൃഷ്ണൻ എന്നിവരിൽ നിന്നും വസൂലാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. വൗച്ചർ നം. 22200686/04.11.2022 പ്രകാരം, ₹ 1,65,945.00 തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. പ്രസ്തുത തുക ഉത്തരവാദികളിൽ നിന്നും ഈടാക്കിയതിന്റെ വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.49/22-23/15.11.23) മറുപടി ലഭ്യമാക്കിയിട്ടില്ല. പലിശയായി അടവാക്കിയ ₹ 1,65,945.00 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്ന് തിരികെ അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 13/11/23 & 15/11/23 | ഇതേ ഓഡിറ്റ് റിപ്പോർട്ട് നം./തീയതി |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 200000 | അങ്കണവാടി പോഷകാഹാര പദ്ധതി (ജനറൽ) | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 589100 | ക്ഷീരകർഷകർക്ക് പാലുൽപാദന പ്രോത്സാഹനം വിഹിതം നൽകൽ-ജനറൽ | 589100 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 463300 | ക്ഷീരകർഷകർക്ക് പാലുൽപാദന പ്രോത്സാഹനം വിഹിതം നൽകൽ-പട്ടികവർഗ്ഗം | 463300 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 500000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 1670333 | സ്ഥിരം നെൽകൃഷിക്ക് ധനസഹായം | 1670333 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 200000 | സ്ഥിരം നെൽകൃഷിക്ക് ധനസഹായം-ടിഎസ് പി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 16240 | പ്രത്യേക സ്ത്രീ രോഗ ക്ലിനിക് | 16240 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-2023 | 298540 | ഗോത്രസാരഥി | 298540 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 70550 | ഗോത്രസാരഥി | 70550 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 8850 | ആര്യന്നൂർ കുടിവെള്ള പദ്ധതി | 8850 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 1365800 | ക്ഷീരകർഷകർക്ക് പ്രോത്സാഹനം വിഹിതം നൽകൽ-ജനറൽ | 1365800 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 288000 | ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 288000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 1950000 | സ്ഥിരം നെൽകൃഷിക്ക് ധനസഹായം | 1950000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 1470742 | ലൈഫ് ഭവന പദ്ധതി പട്ടികവർഗം | 1470742 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-2023 | 661334 | ലൈഫ് ഭവന പദ്ധതി പട്ടിക ജാതി | 661334 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെ. എസ്. ഇ. ബി. | കരിമ്പുമ്മൽ സ്റ്റേഡിയം ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 169962 | 169962 | - |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

വായ്പ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് ഏതൊക്കെ ഇനങ്ങളിൽ വായ്പാ ബാദ്ധ്യത ഉണ്ടെന്നോ, എത്ര തുക ഒടുക്കിയെന്നോ, തിരിച്ചടക്കാൻ ബാക്കിയെത്രയെന്നോ ഉള്ള വിവരം ലഭ്യമല്ല.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് ഇല്ല. എന്നാൽ വാർഷിക കണക്ക് RP 10 ൽ ₹ 2581 രൂപ ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ കാണിച്ചിട്ടുണ്ട് , ആയത് വസ്തുനികുതി ആർ.ആർ ഇനത്തിൽ പഞ്ചായത്ത് പിരിച്ചെടുത്ത തുക തെറ്റായി ഓഡിറ്റ് റിക്കവറി ഹെഡ്ഡിൽ വരവ് വച്ചതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 3-1 | 2008-09 | 3.6.4 | ജൈവ നിർമ്മാണ പ്ലാൻറ് - പണി പൂർത്തീകരിച്ചില്ല | നടപടി തുടരുന്നു. |
| 2 | 2007-08 | 2-2 | 2010-11 | 5.1.7 | വസ്തു നികുതി ക്രമ വിരുദ്ധമായി ഡിമാൻറിൽ് നിന്നും ഒഴിവാക്കി | നടപടി തുടരുന്നു. |
| 3 | 2014-15 | 2-5 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | നടപടി തുടരുന്നു. |
| 4 | 2015-16 | 2-1 | 2016-17 | 2.1 | തൊഴിൽ നികുതി അപാകതകൾ | നടപടി തുടരുന്നു. |
| 5 | 2000-01 | 13 | 2004-05 | 3-12(2) | നിർവ്വഹണ ഉദ്യോഗസ്ഥർ പദ്ധതി വിഹിതം അപഹരിച്ചു | നടപടി തുടരുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| **ഓഡിറ്റ് വർഷത്തെ ആകെ വരവ്** | : | ₹13,06,81,074 |
| **ഓഡിറ്റ് വർഷത്തെ ആകെ ചെലവ്** | : | ₹14,06,86,761 |
| **വരവിനങ്ങളിലുള്ള നഷ്ടം** | : | 0 |
| **ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക** | : | ₹ 1,65,945 |
| **ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക** | : | ₹6008319 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| **ഖണ്ഡിക നമ്പർ** | **ചാർജ്ജ്** | **സർചാർജ്ജ്** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും** |
|---|---|---|---|

| | | | |
|---|---|---|---|
| 3-1 (Part) | | 82972.50 | ബെബിൻ ജോർജ്ജ്, അക്രഡിറ്റഡ് എഞ്ചിനീയർ, NREGS |
| 3-1 (Part) | | 82972.50 | ഗോപാലകൃഷ്ണൻ, ഓവർസിയർ,NREGS |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക(₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹47524 | ബെല്ല മരിയ ,മെഡിക്കൽ ഓഫീസർ ഹോമിയോ |
| 1-17 | ₹11820 | പ്രിയേഷ് , അസിസ്റ്റന്റ് സെക്രട്ടറി |
| 1-19 (Part) | ₹534839 | അനിൽകുമാർ പി. കെ , സെക്രട്ടറി |
| 1-19 (Part) | ₹235822 | സജി. പി, സെക്രട്ടറി ഇൻചാർജ് |
| 1-19 (Part) | ₹345976 | അനിൽ രാമകൃഷ്ണൻ, സെക്രട്ടറി |
| 1-21 | ₹86350 | സന്ധ്യ .ICDS സൂപ്രവൈസർ |
| 1-24 | ₹24108 | ഉഷാകുമാരി പി.ആർ ,കൃഷി ഓഫീസർ |
| 1-25 | ₹381255 | ഉഷാകുമാരി പി.ആർ ,കൃഷി ഓഫീസർ |
| 1-26 | ₹104780 | മുഹമ്മദ് അബ്ദുൾ ജാമിയ എം ,കൃഷി ഓഫീസർ |
| 1-27 | ₹101062 | ഉഷാകുമാരി പി.ആർ ,കൃഷി ഓഫീസർ |
| 1-28 | ₹70550 | ജയശ്രീ എസ് ,ഹെഡ് മാസ്റ്റർ |
| 1-29 | ₹10,59,309 | അനിൽകുമാർ പി കെ ,സെക്രട്ടറി |
| 1-30 | 30,04,924 | അനിൽകുമാർ പി കെ ,സെക്രട്ടറി |
| ആകെ | 6008319 | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസം**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബെബിൻ ജോർജ്ജ്, അക്രഡിറ്റഡ് എഞ്ചിനീയർ. | അക്രഡിറ്റഡ് എഞ്ചിനീയർ.NREGS പനമരം ഗ്രാമപഞ്ചായത്ത് | തേലക്കാട്ട് വീട്, നീർവാരം പി.ഒ., പനമരം, വയനാട് ജില്ല. |
| ഗോപാലകൃഷ്ണൻ, ഓവർസിയർ | ഓവർസിയർ,NREGS പനമരം ഗ്രാമപഞ്ചായത്ത് | ഉരുത്തിയിൽ വീട്, മടക്കിമല പി.ഒ., കൽപ്പറ്റ, വയനാട് ജില്ല. |
| പ്രിയേഷ് , അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, പനമരം ഗ്രാമപഞ്ചായത്ത് | പടിഞ്ഞാറെക്കുന്ന് ഹൗസ്, കറുവട്ടൂർ.പി.ഓ, കക്കോടി, കോഴിക്കോട്-673611 |
| ശ്രീ. സന്ധ്യ .ICDS സൂപ്രവൈസർ | ICDS സൂപ്രവൈസർ പനമരം ഗ്രാമപഞ്ചായത്ത് | കുവണഹൗസ് , കട്ടയാട്. പി.ഒ, വെള്ളമുണ്ട വയനാട് – 670731 |
| അനിൽകുമാർ പി. കെ , സെക്രട്ടറി | സെക്രട്ടറി , പനമരം ഗ്രാമപഞ്ചായത്ത് | നിരഞ്ജനം വീട്, തെരിഞ്ഞിലിപുരം |

| | | |
|---|---|---|
| | | ആലപ്പുഴ |
| ബെല്ല മരിയ ,മെഡിക്കൽ ഓഫീസർ ഹോമിയോ | മെഡിക്കൽ ഓഫീസർ ഹോമിയോ, പനമരം ഗ്രാമപഞ്ചായത്ത് | കാരിക്കുഴിയിൽഹൗസ്, പുതുപ്പാടി.പി.ഓ, ഈങ്ങാപ്പുഴ, കോഴിക്കോട് -673586 |
| സജി. പി, സെക്രട്ടറി ഇൻചാർജ് | എ.എസ്സ്, പനമരം ഗ്രാമപഞ്ചായത്ത് | മൂരിക്കൽ വീട് കുത്തിയതോട് പോസ്റ്റ് ചേർത്തല ആലപ്പുഴ -688524 |
| അനിൽ രാമകൃഷ്ണൻ , സെക്രട്ടറി | ലഭ്യമല്ല | മാങ്ങാളി ഹൗസ്, എ.ടി.സി വെള്ളൂന്നി പോസ്റ്റ് കണ്ണവം കണ്ണൂർ- 670704 |
| ഉഷാകുമാരി പി.ആർ ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, പനമരം ഗ്രാമപഞ്ചായത്ത് | നക്ഷത്ര ഹൗസ്, മൂലങ്കാവ് പോസ്റ്റ് സുൽത്താൻ ബത്തേരി വയനാട് – 673592 |
| മുഹമ്മദ് അബ്ദുൾ ജാമിയ എം ,കൃഷി ഓഫീസർ | കൃഷി ഓഫീസർ, പനമരം ഗ്രാമപഞ്ചായത്ത് | മന്ദംകണ്ടി ഹൗസ് കാരക്കാമല പോസ്റ്റ് മാനന്തവാടി വയനാട് – 67645 |
| ജയശ്രീ എസ് ,ഹെഡ് മാസ്റ്റർ | ഹെഡ് മാസ്റ്റർ | പ്രതീക്ഷ ഹൗസ്, ചീങ്ങാടി കണിയാമ്പറ്റ വയനാട് -673122 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.(ഡബ്ല്യു)പി1-214/98/07.07.1998 | 5 |
| 1997-98 | എൽ.എഫ്.(ഡബ്ല്യു)പി1-362/00/05.01.1999 | 14 |
| 1997-98 (ചെലവ്) | എൽ.എഫ്.(ഡബ്ല്യു)പി1-321/99/05.02.2008 | 10 |
| 1998-99 | എൽ.എഫ്.(ഡബ്ല്യു)പി4-460/00/31/10/2008 | 10 |
| 1999-00 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു)പി3-572/06/23.11.2006 | 2 |
| 1999-00 | എൽ.എഫ്.(ഡബ്ല്യു)പി3-368/08/04.09.2008 | 2 |
| 2000-01 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു)പി3-16/10/09.01.2010 | 8 |
| 2001-02 (പ്ലാൻ) | എൽ.എഫ്.(ഡബ്ല്യു)പി3-360/04 തീയതി 05.07.2007 | 8 |
| 2001-02 | എൽ.എഫ്.(ഡബ്ല്യു)പി3-912/08 തീയതി 04.02.2009 | 4 |
| 2002-03 | എൽ.എഫ്.(ഡബ്ല്യു)പി3-913/08,തീയതി 8.12.2009 | 4 |
| 2004-05 | എൽ.എഫ്.(ഡബ്ല്യു)പി3-990/08 തീയതി 08.12.09 | 6 |
| 2005-06 | എൽ.എഫ്.(ഡബ്ള്യ)പി3-991/08തീയ്യതി-5.12.2009 | 7 |
| 2006-07 | എൽ.എഫ്.(ഡബ്ല്യു)പി3-105/10തീയ്യതി-12.7.2010 | 7 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.(ഡബ്ല്യു)പി3-653(1)/13/തീയതി-03.02.2014 | 20 |
| 2008-09 | എൽ.എഫ്.(ഡബ്ല്യു)പി.3-653(2)/13/തീയതി-21.10.2014 | 21 |
| 2009-10 | എൽ.എഫ്.(ഡബ്ല്യു)പി3-653(3)/13/തീയതി-21.10.2017 | 22 |
| 2010-11 | എൽ.എഫ്.(ഡബ്ല്യു)പി.5-428/14തീയ്തി-20.04.2015 | 10 |
| 2011-12, 2012-13 | എൽ.എഫ്.(ഡബ്ല്യു)പി.5-842/2014, തീയ്യതി-02.04.2016 | 20 |
| 2013-14 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4.201(A) 2015/14.01.2018 | 20 |
| 2014-15 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4.470/16/05.04.2017 | 38 |
| 2015-16 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4-836/16/05.06.2017 | 27 |
| 2016-17 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.4/462/17/16.01.2018 | 22 |
| 2017-18 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.പി.4/75/2019 / 26.03.2019 | 18 |
| 2018 -19 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4 – 96/2020 / 24.02.2020 | 14 |
| 2019– 20 | കെ.എസ്.എ.ഡബ്ല്യു.വൈ.ഡി.പി4 – 286/ 2020 / 09.04.2021 | 24 |
| 2020-21 | കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-180/2022 /23/03/2022 | 27 |
| 2021-22 | കെ.എസ്.എ.ഡബ്യൂ.വൈ.ഡി-പി4-1024/2022 /22/02/2023 | 27 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 04/01 dated 22-06-2023 and submitted on 12-09-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Panamaram Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Panamaram Grama Panchayat for the year 2022-2023

**Date: 20/12/2023**

**Deputy Director**
**District Office Wayanad**
**Kerala State Audit Department**

## Audit Report appended to the Audit Certificate of Panamaram Grama Panchayat for the Year 2022-2023 .

**1.Major Observations**

1. Non Disclosure of Assets(Vehicle, Jalanidhi, MGNREGS assets not added to Balance Sheet).

**2.Other Observations**

1. Not providing adequate provision for doubtful debts

2. Cash flow statement -Net increase/decrease in cash flow does not match with the difference between the opening balance and the closing balance of cash and cash equivalents.

3. The following mandatory financial statements prescribed in accounting rules are not submitted for audit.

Accounting Notes, Ratios & Previous years comparisons.

4. Bank Reconciliation statements not produced.
5. Lapse in making timely and accurate demand entries in respect of tax and non tax revenue, eg:-Building Tax, Profession Tax & FSETO Licence.

6. Lack of authenticated journal vouchers for supporting the adjustment enties recorded in Prior Period Items

7. Demand registers are not periodically reconciled with accounts

8. Building Tax Demand register, Profession Tax Register, Rent Register does not match with Financial statement.
9. Stock Register, Deposit register, Asset Register,Loan Register, Investment Register, Advance Register, FACTEOS icence register, Building Permit registers, not produced.
10. 2021-22 years closing balance of bank accounts(RP-40(b)) not matching with 2022-23 years opening balance(RP-40(a))

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ പനമരം ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 3
# Abstract of Annual Financial Statements

## Panamaram Grama Panchayat
## BALANCE SHEET

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 52209779.50 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 2216.00 |
| 312000000 | Reserves | B-3 | 132971867.00 |
| | **Total Reserve & Surplus** | | **185183862.50** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 66229410.00 |
| | **Total Grants, Contributions for Specific Purposes** | | **66229410.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 24596256.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **24596256.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 3440314.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 3592653.50 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **7032967.50** |
| | **TOTAL LIABILITIES** | | **283042496.00** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 1012015.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 311531.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 19990914.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 186329586.00 |
| 416000000 | Accumulated Depreciation | B-11(a) | -25638454.00 |
| | **Total Fixed Assets** | | **182005592.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |



Digitally signed by ANIL R
Date: 2023.09.12 18:09:3
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 17464509.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 24311957.00 |
| 450000000 | Cash and Bank Balance | B-17 | 56995660.00 |
| 460000000 | Loans, Advances and Deposits | B-18 | 2264778.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **101036904.00** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **283042496.00** |

# Panamaram Grama Panchayat
## INCOME & EXPENDITURE STATEMENT

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 12386737.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 1957012.00 |
| 140000000 | Fee & User Charges | I-4 | 2208087.00 |
| 150000000 | Sale & Hire Charges | I-5 | 200355.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 347881810.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 183959.00 |
| 180000000 | Other Income | I-9 | 83187.00 |
| 190000000 | Prior Period Income | I-19 | -1970000.00 |
| | **Total Income** | | **364901147.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 15570367.00 |
| 220000000 | Administrative Expenses | I-11 | 2878097.00 |
| 230000000 | Operations & Maintenance | I-12 | 2837465.00 |
| 240000000 | Interest & Finance Charges | I-13 | 3276.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 20219325.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 113228872.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 18155205.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 110923965.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 77567400.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 4231746.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |



Digitally signed by ANIL R
Date: 2023.09.12 18:09:5
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 272000000 | Depreciation | I-17(A) | 15837474.00 |
| | **Total Expenditure** | | **381453192.00** |
| | **Gross Surplus / Deficit of income over Expenditure** | | **-16552045.00** |
| | **Gross Surplus / Deficit of income over Expenditure** | | **-15074051.00** |
| 290000000 | Transfer to Reserve Funds/Prior Period Item(ILGMS) | I-18 | -492006.00 |
| | **Net Balance being surplus/ deficit carried over to Balance Sheet (Panchayat Fund)** | | **-1477994.00** |

**Panamaram Grama Panchayat**
**RECEIPT & PAYMENT STATEMENT**

For the period from 01-April-2022 to 31-March-2023

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 66313618.00 |
| Cash | Cash | RP-40(a) | 687729.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 1996760.00 |
| 130000000 | Rental income from Panchayat Properties | RP-3 | 5400.00 |
| 140000000 | Fees & User Charges | RP-4 | 1666048.00 |
| 150000000 | Sale & Hire Charges | RP-5 | 200355.00 |
| 151000000 | Receipts from Transferred Institutions | RP-6 | 889284.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 22840000.00 |
| 171000000 | Interest Earned | RP-9 | 183959.00 |
| 220000000 | Administrative Expenses | RP-13 | 3204.00 |
| 311000000 | Earmarked Funds | RP-28 | 2000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 69298893.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 13677640.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 2581.00 |
| 330000000 | Secured Loans | RP-31 | 17894299.00 |
| 340000000 | Deposits Received | RP-33 | 249070.00 |
| 350000000 | Other Liabilities | RP-35 | 1771581.00 |
| | **Grand total** | | **197682421.00** |
| | **PAYMENTS** | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-12 | 30165.00 |
| 220000000 | Administrative Expenses | RP-13 | 34100.00 |
| 240000000 | Interest & Finance Charges | RP-15 | 120.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 58.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 447770.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 16018766.00 |
| 460000000 | Loans, Advances and Deposits | RP-49 | 184400.00 |
| | **Non Operating** | | |



Digitally signed by ANIL R
Date: 2023.09.12 18:10:0
Reason: Approval
Location: Kerala

| | | | |
|---|---|---|---|
| 330000000 | Secured Loans | RP-31 | 0.0 |
| 340000000 | Deposits Received | RP-33 | 581526.00 |
| 350000000 | Other Liabilities | RP-35 | 123389856.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 56457385.00 |
| Cash | Cash | RP-40(b) | 538275.00 |
| | **Grand Total** | | **197682421.00** |



DEPUTY DIRECTOR
DISTRICT AUDIT OFFICE,WAYANAD